# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാരശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/ KKD/ P1/1182/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/09/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാരശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/ KKD/ P1/1182/2023 തീയ്യതി: 20/09/2023

## കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 18-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജോഷോ ബെന്നറ്റ് ജോൺ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2023 | 25-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-07-2023 | 25-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീമതി ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2. ശ്രീമതി ഷൈന എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീ അബ്ദുൾ നസീർ ടി.പി, സിനീയർ ഗ്രേഡ് ഓഡിറ്റർ
4.ശ്രീമതി ലത.ടി.കെ, സിനീയർ ഗ്രേഡ് ഓഡിറ്റർ
5.ശ്രീ ബിബിൻ ഇ.സി, ഓഡിറ്റർ
6.ശ്രീമതി അശ്വതി ജെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഫവാസ് ഷമീം ടി.കെ | സെക്രട്ടറി | 01-04-2022 | 21-05-2022 |
| ശ്രീ സൈനുദ്ദീൻ ടി | സെക്രട്ടറി-**ഇൻ**-ചാർജ്ജ് | 22-05-2022 | 04-07-2022 |
| ശ്രീ ബിജു.എം | സെക്രട്ടറി | 05-07-2022 | 06-10-2022 |
| ശ്രീമതി സീനത്ത് കെ | സെക്രട്ടറി | 07-10-2022 | 31-03-2023 |
| ശ്രീമതി സ്മിത വി.പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സൈനുദ്ദീൻ ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 20-10-2022 |

| | | | |
|---|---|---|---|
| ശ്രീ ഹരി ആർ | അസിസ്റ്റന്റ് സെക്രട്ടറി | 21-10-2022 | 31-03-2023 |
| ശ്രീമതി സജ്ന പി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീ ജോസ് കുര്യക്കോസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 09-05-2022 |
| ശ്രീമതി റുബീന പി.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10-05-2022 | 31-03-2023 |
| ശ്രീമതി വിജില ഒ | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 01-04-2022 | 28-12-2022 |
| ശ്രീമതി ലിസ പി.കെ | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 29-12-2022 | 15-01-2023 |
| ശ്രീമതി പ്രഷീദാഭായ് | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 16-01-2023 | 31-03-2023 |
| ശ്രീ അജിത്ത് ജേക്കബ്ബ് എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി രേണുക കൊല്ലേരി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ സുഭാഷ് രാജ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ മാത്യൂ ആൻഡ്രൂസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി റുമൈസ പി.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ .ഉണ്ണികൃഷ്ണൻ | മെഡിക്കൽ ഓഫീസർ( ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. നിസാമുദ്ദീൻ കെ.പി | മെഡിക്കൽ ഓഫീസർ(യൂനാനി) | 01-04-2022 | 31-03-2023 |
| ശ്രീ സിദ്ധീഖ് കെ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-05-2022 |
| ശ്രീമതി ഷൈലജ.ടി തോട്ടത്തിൽ | ഹെഡ് മിസ്ട്രസ്സ് (ഇൻ ചാർജ്ജ്) | 01-06-2022 | 11-07-2022 |
| ശ്രീമതി ഗിരിജ .എൻ | ഹെഡ് മിസ്ട്രസ്സ് | 12-07-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 -1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | വസ്തുനികുതി റെസിഡൻഷ്യൽ (തൻവർഷം ) - വാർഷികകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല. | 1-1 -3 |
| 5 | വസ്തുനികുതി നോൺ റെസിഡൻഷ്യൽ (തൻവർഷം ) - വാർഷികകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വസ്തുനികുതി - ഡിമാന്റ് എൻട്രി കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-1-6 |
| 8 | ഇ -ടെണ്ടർ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. | 1-1-7 |
| 9 | Panchayath Distress Relief Fund ഇനത്തിലുള്ള വാർഷിക കണക്കിലെ നീക്കിയിരിപ്പ് പാസ്സ്ബുക്കിലെ നിക്കീയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ക്ലോസിംഗ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-10 |
| 12 | Capital Work In Progress(B-11(b)) ഷെഡ്യൂളിൽ പാർട്ട് ബില്ല് ഉൾപ്പെടുത്തിയിട്ടില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 15 | ഫണ്ട് വിനിയോഗം ( ACR) | 1 - 4 |
| 16 | പദ്ധതി അവലോകനം | 1- 5 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1- 7 |
| 19 | ആഭ്യന്തര നിയന്ത്രണം | 1- 8 |
| 20 | ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടിയില്ല | 1- 9 |
| 21 | ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം കമ്മിയിൽ - തനത് വരുമാനം കൂട്ടുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചില്ല. | 1-10 |
| 22 | ജില്ല - ബ്ലോക്ക് പഞ്ചായത്ത് വിഹിതം - ചെലവഴിക്കാതെ /തിരിച്ചടയ്ക്കാതെ സൂക്ഷിക്കുന്നു. | 1-11 |
| 23 | ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം ചെയ്തു. | 1-12 |
| 24 | FTE&OS ലൈസൻസ് അപാകതകൾ | 1- 13 |
| 25 | ടാക്സ് ഓഡിറ്റ് | 1-14 |
| 26 | പൊതുവായ അപാകതകൾ | 1-14-1 |
| 27 | വസ്തു നികുതി പിരിവ് | 1-14-2 |
| 28 | തൊഴിൽ നികുതി | 1-14-3 |
| 29 | നികുതിയേതര വരവുകൾ | 1-14-4 |
| 30 | കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 പ്രകാരം ഇളവനുവദിക്കപ്പെട്ട തോട്ടഭൂമിയിൽ നിർമ്മാണപ്രവർത്തികൾക്ക് അനുമതി നല്കിയത് സംബന്ധിച്ച് | 1-15 |
| 31 | ജൽ ജീവൻ പദ്ധതിക്ക് വേണ്ടി പൊളിച്ചുമാറ്റിയ റോഡുകൾ പുനസ്ഥാപിക്കുന്നതിൽ വീഴ്ച | 1-16 |
| 32 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം പ്രവർത്തനം ആരംഭിച്ചില്ല. | 1-17 |
| 33 | ആനയാംകുന്ന് ജി.എൽ.പി സ്കൂൾ മോട്ടോർ സ്ഥാപിക്കൽ പദ്ധതിയ്ക്ക് അധിക തുക ചെലവഴിച്ചു | 1-18 |
| 34 | പാലിയേറ്റീവ് മന്ദിരം നിർമ്മാണം-സമഗ്രമായ പദ്ധതി തയ്യാറാക്കാത്തതിനാൽ ലക്ഷ്യം | 1- 19 |

| | | |
|---|---|---|
| | കൈവരിച്ചില്ല | |
| 35 | വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങൽ - ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതിനാൽ റെയിഡ്കോയ്ക്ക് അധികനിരക്ക് നൽകി | 1-20 |
| 36 | പകൽ വീട് കെട്ടിടം പ്രവർത്തനം തുടങ്ങാത്തതിനാൽ കെട്ടിടം നിഷ്ക്രിയ ആസ്തിയായി തുടരുന്നു സ്ഥാപനത്തിലേക്ക് വാങ്ങിയ ഉപകരണങ്ങളും ഫർണിച്ചറുകളും നശിക്കുന്നു. | 1-21 |
| 37 | വിവിധ ഏജൻസികൾക്ക് തുക ഡെപ്പോസിറ്റ് / വിഹിതം നൽകി -വിനിയോഗ വിവരം ലഭ്യമല്ല. | 1-22 |
| 38 | പഞ്ചായത്തിലെ മാലിന്യ ശേഖരണവും സംസ്കരണവും ഫലപ്രദമല്ല. യൂസേഴ്സ് ഫീയിലുള്ള കുറവു കാരണം പഞ്ചായത്തിന് അധിക ബാധ്യതയുണ്ടാവുന്നു | 1-23 |
| 39 | മാലിന്യങ്ങൾ ശേഖരിക്കുന്ന വാഹനത്തിൽ ജി.പി.എസ്.ഘടിപ്പിക്കുന്നില്ല | 1- 24 |
| 40 | അഡ്വാൻസ് തുകകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല. | 1- 25 |
| 41 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വിതരണം ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതിയും ജി.എസ് .ടി.യും ഈടാക്കിയില്ല. | 1-26 |
| 42 | തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രോജക്ട് നിർവ്വഹണം അപാകതകൾ | 1-27 |
| 43 | ഫിഷറീസ് മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. | 1-28 |
| 44 | അവസ്ഥാ വിശകലനം നടത്താതെ പൊതുമരാമത്ത് മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നു | 1-29 |
| 45 | അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണം നടത്തുന്നതിൽ വീഴ്ച | 1- 30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4 -1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4 -5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1 -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 27.06.2023ലെ 7/1 തീരുമാന പ്രകാരം തയ്യാറാക്കി 30.06.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022 - 23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 65,80,625/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 30,87,891/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1 -3 വസ്തുനികുതി റെസിഡൻഷ്യൽ (തൻവർഷം ) - വാർഷികകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS-ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS " സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തുനികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1659438 | 1645446 | 4345 | 14479 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1653228 ഷെഡ്യൂൾ ഐ-1) | 1640614 ആർ.പി-45) | 4345 | 15217 ബി -15 |

1-1-4 വസ്തുനികുതി നോൺ റെസിഡൻഷ്യൽ (തൻവർഷം ) - വാർഷികകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല

നോൺ റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2905214 | 2874613 | 7,971 | 22911 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2911327 ഷെഡ്യൂൾ ഐ-1) | 2874332 ആർ.പി-45) | 7,971. | 24057 ബി -15 |

1-1-5 വസ്തുനികുതി - ഡിമാന്റ് എൻട്രി കൃത്യമായി രേഖപ്പെടുത്തുന്നില്ല

നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ കാരശ്ശേരി ഗ്രാമപഞ്ചായത്തിൽ “110100101-Property Tax On Residential Buiding” എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണയായി(17.12.2023, 31.03.2023) മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. 31/03/2023 വരെ അസ്സസ്സ് ചെയ്യപ്പെടുന്ന കെട്ടിടങ്ങളുടെ ഡിമാന്റ് തുക 01/04/22 ന് ചേർത്ത് 31/03/23 വരെയുള്ള ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നു തന്നെ ILGMS കണക്കുകളിലെ എൻട്രികളിലെ തുകകളിൽ പിന്നീട് എഡിറ്റിംഗ് വരുത്തി ഡി.സി.ബി-യുമായി പൊരുത്തപ്പെടുത്തുന്ന നിയമവിധേയമല്ലാത്ത രീതിയാണ് പഞ്ചായത്തിൽ സ്വീകരിച്ചതെന്ന് കാണാം. ഇത് ഒഴിവാക്കേണ്ടതാണ്.

1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലാണ് ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടത്. ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

സ്ഥിര ആസ്തികളുടെ മൂല്യം ഭൗതിക പരിശോധന നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ.(എം.എസ്)152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. സ്ഥിര ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ (Land) അക്കൗണ്ടിങ്ങ് 31.03.2023 വരെ ആരംഭിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത്ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ആസ്തികളുടെ കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും ബി-3 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

1-1-7 ഇ -ടെണ്ടർ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

LID&EW അസിസ്റ്റന്റ് എഞ്ചിനീയർ ഈ – ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കുമ്പോളുള്ള ഇ – ടെണ്ടർ തുക നാളിതുവരെ

ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-8 Panchayath Distress Relief Fund ഇനത്തിലുള്ള വാർഷിക കണക്കിലെ നീക്കിയിരിപ്പ് പാസ്സ്ബുക്കിലെ നിക്കീയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

Panchayath Distress Relief Fund നായി സൂക്ഷിച്ച രണ്ട് ബാങ്ക് അക്കൗണ്ടുകളിലെ 31/03/2023 ലെ ആകെ നീക്കിയിരിപ്പ് ഉക 105375/- (40753 + 64622) രൂപയാണ് (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B17). എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B2 പ്രകാരം 141905/- രൂപയാണ് വ്യത്യാസം. 36530/- രൂപയുടെ വ്യത്യാസമുണ്ട്. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-1-9 ക്ലോസിംഗ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

ക്ലോസിംഗ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ)).

### 1-1-10 ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 6000/-രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യമൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതാണ്.

### 1-1-11 Capital Work In Progress(B-11(b)) ഷെഡ്യൂളിൽ പാർട്ട് ബില്ല് ഉൾപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ നടപ്പിലാക്കിയ പദ്ധതി പ്രകാരം പല വർക്കുകളിലും പാർട്ട് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ, വാർഷിക കണക്കിലെ Capital Work In Progress(B-11(b)) ഷെഡ്യൂളിൽ പൂജ്യമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണം - ടേക്ക് എ ബ്രേക്ക്

### 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022 -23 വർഷത്തെ ബജറ്റ്26/3/2022ലെ 1/1 നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 07/03/2023 ലെ 2/1നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 24108866 |
| വരവ് | 54320411 |
| ആകെ | 78429277 |
| ചെലവ് | 47739786 |
| നീക്കിയിരിപ്പ് | 30689491 |

### 1 - 4 ഫണ്ട് വിനിയോഗം ( ACR)

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | | 0 | 24814450 | 24814450 | 22109102 | 2705348 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 5695876 | 5695876 | 5695876 | 0 |
| വികസനഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1715257 | 1715257 | 1636360 | 78897 |
| മെയിന്റനൻസ്, | | 0 | 27685000 | 27685000 | 19916055 | 7768945 |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 7249000 | 7249000 | 6762677 | 486323 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻഗ്രാന്റ് (അൺടൈഡ് ഗ്രാന്റ്) | Treasury | 0 | 271058 | 271058 | 271058 | 0 |
| | PFMS | 1805240 | 4057439 | 5862679 | 4380137 | 1482542 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻഗ്രാന്റ് (ടൈഡ് ഗ്രാന്റ്) | Treasury | | 5401138 | 5401138 | 1985583 | 3415555 |
| | PFMS | 3631181 | 5578000 | | 3063849 | 6195332 |
| | | 5436421 | 82467218 | 87903639 | 65820697 | 22132942 |

കുറിപ്പ് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ഗ്രാന്റ്) വരവിലും , നീക്കിയിരിപ്പിലും പലിശ ഉൾപ്പെടെയുള്ള തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1- 5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 264 | 164196569 | 189 | 84348278 | 75 | 71.59 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 12 | 11 | 4494945 | 3139230 | 69.83 |
| വെറ്ററിനറി സർജൻ | 5 | 5 | 2290000 | 1559028 | 68.07 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 12 | 12 | 2921447 | 2771206 | 94.85 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 2 | 2 | 220000 | 218958 | 99.52 |
| മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 5 | 5 | 1040000 | 1037180 | 99.72 |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 0 | 100000 | 0 | 0 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 1 | 18 | 15 | 62514600 | 20234260 | 32.36 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 8960350 | 7621600 | 85.05 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 142 | 91 | 58055931 | 31196657 | 53.73 |
| ഡയറി ഫാം ഓഫീസർ | 3 | 3 | 4583334 | 4392666 | 95.83 |
| സെക്രട്ടറി | 46 | 28 | 15644882 | 9004726 | 57.55 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 3 | 1608080 | 1608080 | 100 |
| ഹെഡ് മാസ്റ്റർ | 6 | 5 | 1763000 | 1564687 | 88.75 |
| | 264 | 189 | 164196569 | 84348278 | 51.37 |

ഡി.പി.സി. അംഗീകാരം ലഭിച്ച 264 പ്രൊജക്ടുകളിൽ 189 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 164196569/-രൂപ വകയിരുത്തിയതിൽ 84348278/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 15,63,163/-രൂപ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | നഷ്ടപ്പെട്ടതുക |
|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 24814450 | 24814450 | 22109102 | 2705348 |
| വികസന ഫണ്ട്- എസ്.സി.പി | 5695876 | 5695876 | 5695876 | 0 |
| വികസന ഫണ്ട്- ടി.എസ്.പി | 1715257 | 1715257 | 1636360 | 78897 |
| മെയിന്റനൻസ്, റോഡ് | 27685000 | 27685000 | 19916055 | 7768945 |
| മെയിന്റനൻസ്, നോൺ-റോഡ് | 7249000 | 7249000 | 6762677 | 486323 |
| ആകെ | 67159583 | 67159583 | 56120070 | 11039513 |

തൻവർഷം പദ്ധതി ചെലവുകൾക്കായി ലഭിച്ച 8,24.67,218/- രൂപയിൽ 1,10,39,513 -രൂപ സമയബന്ധിതമായ പദ്ധതി ആസൂത്രണത്തിന്റെയും, മോണിറ്ററിംഗിന്റെയും അഭാവത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു. സമയബന്ധിതമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്. സർക്കാരിൽ നിന്ന് ലഭ്യമാകുന്ന തുകകൾ സർക്കാർ മാനദണ്ഡംപ്രകാരം, പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പൂർണ്ണമായി വിനിയോഗിക്കുന്നുവെന്ന് സെക്രട്ടറിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതുമാണ്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.07.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2925/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ നിജസ്ഥിതി പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1- 7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6319000 | 619 |
| വിധവ പെൻഷൻ | 14593200 | 1376 |
| വാർദ്ധക്യകാലപെൻഷൻ | 20938000 | 2127 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 621800 | 58 |
| വികലാംഗ പെൻഷൻ | 4016000 | 377 |

## 1- 8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിലെ ഓഫീസ് ഉത്തരവ് രജിസ്റ്റർ പ്രകാരം എല്ലാ ഉത്തരവാദിത്തങ്ങളും ജീവനക്കാർക്ക് കൃത്യമായി വിഭജിച്ചുനൽകിക്കൊണ്ടുള്ള സമഗ്രമായ ഒരു ഓഫീസ് ഉത്തരവ് തയ്യാറാക്കി ജോലി വിഭജനം ചെയ്തു കാണുന്നില്ല. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. സാമ്പത്തിക വർഷം ആകെ 8 തവണ മാത്രമേ മീറ്റിംഗുകൾ വിളിച്ച് കൂട്ടിയിട്ടുള്ളൂ. വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 8.11.10 ലെ ജി.ഒ(പി) 259/2010 തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1- 9 ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടിയില്ല

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 215(4), 1996 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) , കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23,(1997 കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15, 21(1)(2) എന്നിവ പ്രകാരം ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് പരാമർശം ഒഴിവാക്കുന്നതിന് വേണ്ടത്ര ശ്രദ്ധ സ്ഥാപനം പുലർത്തുന്നില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ ചില പരാമർശങ്ങളിൻമേൽ തുടർ വർഷങ്ങളിൽ അപാകത പരിഹരിച്ചിട്ടുണ്ടെന്ന മറുപടി പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം മറുപടികളുടെ നിജസ്ഥിതി പരിശോധിച്ചപ്പോൾ അപാകതകൾ പരിഹരിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും തുടർ വർഷങ്ങളിലും അപാകത ആവർത്തിക്കപ്പെടുന്നുണ്ടെന്നും വ്യക്തമായിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള നടപടികൾ സമയ ബന്ധിതമായി ചെയ്യാത്തത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. 2018-19, 2019-20, 2021-22 വരെയുള്ള മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ തുടർനടപടികൾ പരിശോധിച്ചത് പ്രകാരമുള്ള അഭിപ്രായം താഴെ ചേർക്കുന്നു.

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ 14/05/2019 ന് കൈപ്പറ്റിയിട്ടുണ്ട്. ചട്ടപ്രകാരമുള്ള സമയപരിധി കഴിഞ്ഞ് 04/11/2020 നാണ് പ്രഥമ മറുപടി ലഭ്യമാക്കിയത്. A1/2109/2020 തി. 04/11/2020 പ്രകാരം നല്കിയ മറുപടി റിപ്പോർട്ടിന്

കെ.എസ്.എ.കെ.കെ.ഡി പി11/1144/2020തി. 15/04/2021 അനന്തര പരാമർശ പ്രകാരം രണ്ട്, മൂന്ന് പാർട്ടുകളിലായി ആകെ 15 ഖണ്ഡികകൾ തീർപ്പാകാതെ അവശേഷിക്കുന്നു.

2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 27/10/21 ന് സ്ഥാപനം കൈപ്പറ്റിയെങ്കിലും പ്രഥമ മറുപടി 27/01/2022 ലാണ് എ 1 3962/21 നമ്പരായി ലഭ്യമാക്കിയത്. കെ.എസ്.എ/കെ.കെ.ഡി പി1/155/22 തി. 16/04/22 അനന്തര പരാമർശ പ്രകാരം പാർട്ട് 2, 3 എന്നിവയിലായി ആകെ 15 ഖണ്ഡികകൾ തീർപ്പാകാതെ അവശേഷിക്കുന്നു.

2020-2021 വർഷത്തെ കെ. എസ്.എ/കെ.കെ.ഡി പി1/1183/21 ഓഡിറ്റ് റിപ്പോർട്ട് 16/09/2021 ന് പുറപ്പെടുവിച്ചു. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽസ്ഥാപനം പ്രഥമ മറുപടി സമർപ്പിച്ചിട്ടില്ല. 27/01/22നാണ് മറുപടി സമർപ്പിച്ചത്.കെ. എസ്.എ/കെ.കെ.ഡി പി1/156/22 തി. 05/05/22 അനന്തര പരാമർശ പ്രകാരം പാർട്ട് 2, 3 എന്നിവയിലായി ആകെ 21 ഖണ്ഡികകൾ അവശേഷിക്കുന്നു.

2021-2022 വർഷത്തെ കെ. എസ്.എ/കെ.കെ.ഡി പി1/2264/22 ഓഡിറ്റ് റിപ്പോർട്ട് 24/01/2022 ന് പുറപ്പെടുവിച്ചു. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനം പ്രഥമ മറുപടി സമർപ്പിച്ചിട്ടില്ല.

ഓഡിറ്റ് പരാമർശങ്ങളിൽ തുടർ നടപടികൾ ഇല്ലാത്തതും പരാമർശങ്ങളെ ഗൗരവമായി സമീപിക്കാത്തതും അപാകതകൾ പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ശ്രമങ്ങളില്ലാത്തതും ഗുരുതരമായ ചട്ടലംഘനമാണ്. ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-10 ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം കമ്മിയിൽ - തനത് വരുമാനം കൂട്ടുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചില്ല.

2022-2023 വാർഷിക പദ്ധതിയിൽ പുതിയ പദ്ധതികൾക്കും, സ്പിൽഓവർ പദ്ധതികൾക്കും കൂടി 34,16,207/- രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തുകയും 15,63,163/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.(ആകെ പദ്ധതി ചെലവിന്റെ 1.85%) തൻവർഷം നികുതി പിരിവ് 100 ശതമാനമാണ് എന്നിരുന്നാൽ തന്നെയും ഇത്രയും തുക പദ്ധതിക്കുവേണ്ടി വകയിരുത്താനുള്ള ശേഷി സ്ഥാപനത്തിന്റെ തനത് ഫണ്ടിനില്ലെന്ന് താഴെ പറയുന്ന വിവരങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

നിലവിലെ ലിക്വിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ലിക്വിഡിറ്റി കൂടിയ ആസ്തി,ബാധ്യതാ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| 2022 - 2023 | | | |
|---|---|---|---|
| ബാദ്ധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B4-പ്രത്യേക കാര്യങ്ങൾക്ക് | 23511390 | B12 | 0 |
| B5 | 25012251 | B14 | 6000 |
| B7 | 1087023 | B15 | 67,18,663 |
| B9 | 3545706 | B17 | 3,06,89,491 |
| | | B18 | 28,06.603 |
| ആകെ | 5,31,56,370 | | 4,02,20,757 |

2022-2023 വർഷത്തെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ 1,29,35,613/-രൂപ തൻവർഷം കമ്മിയാണ് എന്ന് കാണുന്നു. തനത് ഫണ്ട് കമ്മിയിൽ എത്തിച്ചതിന്റെ പ്രധാന കാരണമായത് ഗ്രാമപഞ്ചായത്തിന്റെ തനത് ഭവന പദ്ധതിയ്ക്കായി കാരശ്ശേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് എടുത്ത ലോണിന്റെ തിരിച്ചടവ് ആണ് എന്ന് കാണുന്നു. സ്ഥാപനത്തിന്റെ ധനസ്ഥിതി പരിഗണിക്കാതെയാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ (എം.എസ്)83/13 ഉത്തരവിന്റെ അടിസ്ഥാനത്തിലും, ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ആവശ്യപ്രകാരവും (22.09.2014 ലെ 216 (2) -നമ്പർ തീരുമാനം) 2014-15 സാമ്പത്തിക വർഷത്തിൽ 3,45,40,000 രൂപ 14% പലിശ നിരക്കിൽ 10 വർഷം കാലയളവിലേക്ക് ലോൺ എടുത്തിട്ടുള്ളത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജോയിന്റ് ഡയറക്ടറുടെ 17.10.2014 60800/ഡി.സി.ബി1/14 ത.സ്വ.ഭ.വ നമ്പർ കത്ത് പ്രകാരം 4,00,00,000/- രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത ലോണിന്റെ കരാർ പ്രകാരം മാസാവസാനം ബാക്കി നിൽക്കുന്ന തുകയ്ക്ക് 14% പലിശ തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും, മുതൽ ലഭ്യമാകുന്ന വികസനഫണ്ടിൽ നിന്നും പുതിയ ഭവന പദ്ധതിയുൾപ്പെടെ 15% തിരിച്ചടയ്ക്കാവുന്നതാണ്. തനത് ഫണ്ട് കമ്മിയിൽ ആയ അവസരത്തിലും പലിശയിനത്തിൽ 2022-23 ൽ 38,47,878/-രൂപ തിരിച്ചടയ്ക്കേണ്ടി വന്നിട്ടുണ്ട്. വികസന ഫണ്ടിൽ നിന്ന് 25,00,000/- മുതലിനത്തിലും തിരിച്ചടച്ചിട്ടുണ്ട്. കൂടാതെ ലഭ്യമായ വികസന ഫണ്ട് പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ 27,05,348/- രൂപ നഷ്ടപ്പെടുത്തുകയും ചെയ്തു.

2014-15 ൽ എടുത്ത സമ്പൂർണ്ണ പദ്ധതിയുടെ ലോൺ തുക 2024-25 വർഷം കാലയളവിൽ പൂർത്തീകരിക്കേണ്ടതാണ്. എന്നിരുന്നിട്ടും 2018-19, 2019-20, 2020-21 വർഷങ്ങളിൽ മുതൽ ഇനത്തിൽ വികസനഫണ്ടിൽ നിന്നും യാതൊരു തുകയും അടവാക്കിയിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 2,50,12,251/- രൂപ ഇനിയും അടവാക്കാനുണ്ട്. ആയത് ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ വൻ ബാദ്ധ്യത വരുത്തുന്നതായി കാണുന്നു.

തനത്ഫണ്ട് കമ്മിയിലായതിനാൽ തനത് വരുമാനം കൂട്ടുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ (2021-22 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക

1-7 കാണുക) സ്ഥാപനം പാലിച്ചതായി കാണുന്നില്ല. 01.04.2023 മുതൽ നികുതി വർദ്ധനവ് വരുത്തുന്നതിനുള്ള സർക്കാർ നിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടികൾ പൂർണ്ണമായിട്ടില്ല.

തനത് വരുമാനം കൂട്ടുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാത്തതിനും, 2018 -19 , 2019-20, 2020-21 വർഷങ്ങളിൽ മുതൽ ഇനത്തിൽ വികസനഫണ്ടിൽ നിന്നും യാതൊരു തുകയും അടവാക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/2022 -23/24.07.2023) ലഭ്യമാക്കിയ മറുപടി പ്രകാരം തനത് വരുമാനം കമ്മിയിലാണെന്ന ഓഡിറ്റ് നിരീക്ഷണം ശരിയാണെന്നും 2014–15 വർഷം 3,45,00,000/-രൂപ ഭവനവായ്പ്പയ്ക്കായി ലോൺ എടുത്തതാണ് തനത്ഫണ്ടിന്റെ അപര്യാപ്തതയ്ക്ക് കാരണമെന്നും, മലയോര ഗ്രാമമായ കാരശ്ശേരിയിൽ പട്ടികജാതി – പട്ടിക വർഗ്ഗ വിഭാഗവും, മറ്റ് പിന്നോക്കവിഭാഗങ്ങളെയും മുൻനിരയിലക്ക് കൊണ്ടു വരുന്നതിനാണ് ലോൺ എടുത്ത് ഭവന പദ്ധതി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്നും, ഈ പദ്ധതിയിലൂടെ 180 കുടുംബങ്ങൾക്ക് ഭവനം നൽകുന്നതിന് സാധിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 01.04.2023 മുതൽ 5% നികുതി വർദ്ധനവ് വരുത്തുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടിയിൽ ലഭ്യമാക്കിയിട്ടുണ്ട്. നികുതി പരിഷ്കരണത്തിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. കൂടാതെ സമ്പൂർണ്ണ ഭവന പദ്ധതിയുടെ ലോൺതുക കൃത്യമായി തിരിച്ചടയ്ക്കുന്നതിന് ഭരണസമിതിയും, സെക്രട്ടറിയും ശ്രദ്ധിക്കേണ്ടതാണ്.

### 1-11 ജില്ല – ബ്ലോക്ക് പഞ്ചായത്ത് വിഹിതം – ചെലവഴിക്കാതെ /തിരിച്ചടയ്ക്കാതെ സൂക്ഷിക്കുന്നു.

2022-23 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി മുൻ വർഷങ്ങളിൽ ലഭ്യമായതും നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ ജില്ലപഞ്ചായത്ത് വിഹിതമിനത്തിൽ 45,10,230/- രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 5,21,048/-രൂപയും, ബാധ്യതയായി കാണിച്ചിട്ടുണ്ട്. പ്രസ്തുത തുക ജില്ലാ - ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ക്യാപിറ്റൽ, റവന്യൂ ചെലവകൾക്കായി ലഭ്യമായിട്ടും ചെലവഴിക്കാതെ അവശേഷിച്ച തുകയാണ്. പ്രസ്തുത തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | പദ്ധതി | തുക | തുക ലഭ്യമായ വർഷം | റിമാർക്സ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | അറവ് ശാല | 20,00,000/- | 2018 -19 | നിലവിൽ പദ്ധതി യില്ല |
| | ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റ് | 4,00,000/- | 2018 -19 | നിലവിൽ പദ്ധതിയില്ല |
| | മാവണ്ണ കാരാട്ട് കോളനി കുടിവെള്ള പദ്ധതി | 610130 | 2018 -19 | പദ്ധതിപൂർത്തീക രിച്ചതിന്റെ വിവരം ലഭ്യമല്ല |
| | സ്കോളർഷിപ്പ് | 100 | വിവരം ലഭ്യമല്ല | ജില്ലാ പഞ്ചായത്തിന് തിരികെ നൽകാൻ ബാക്കിയുള്ള തുക |
| | മാന്ത്രകരീയീട്ടീപ്പറം കുടിവെള്ള പദ്ധതി | 15,00,000 | 2022 -23 | പദ്ധതി പുരോഗമിക്കുന്നുണ്ട്. |
| ബ്ലോക്ക് പഞ്ചായത്ത് | കുമാരനെല്ലൂർ സബ്സെന്റർ നിർമ്മാണം | 64416 | 2018 -19 | ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകാൻ ബാക്കിയുള്ള തുക |
| | ശുചിത്വ കാരശ്ശേരി | 3,78,500 | 2017 -18 | പദ്ധതി നിലവിൽ ഇല്ല |
| | സ്കോളർഷിപ്പ് | 200 | വിവരം | ബ്ലോക്ക് |

| | | | | |
|---|---|---|---|---|
| | | | ലഭ്യമല്ല | പഞ്ചായത്തിന് തിരികെ നൽകാൻ ബാക്കിയുള്ള തുക |
| | എസ്.സി. പി ലൈഫ് ഭവനപദ്ധതി | 77932 | 2019 -20 | ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകാൻ ബാക്കിയുള്ള തുക |
| | | 50,31,278 | | |

50,31,278/-രൂപയിൽ - 35,31,278/- രൂപ സംയുക്ത ഫണ്ടിനായി സൂക്ഷിച്ച അക്കൗണ്ടിലും 15,00,000/-രൂപ എസ്.ബി.ഐ തനത് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്.

23.01.2017 ധനകാര്യ വകുപ്പിന്റെ സ.ഉ (പി) നം.07/2017 ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കുള്ള അക്കൗണ്ട് - മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ടുകൾക്കുള്ള തുക നിക്ഷേപിക്കുന്നതിനായി ഒരു STSB അക്കൗണ്ട് ട്രഷറിയിൽ ആരംഭിക്കാവുന്നതാണെന്നും, സെപ്റ്റംബർ 30 ന് മുൻപ് സ്ഥാപനങ്ങൾ ഈ അക്കൗണ്ടിലേക്ക് ഒറ്റത്തവണയായി തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ലഭ്യമായ സാമ്പത്തിക വർഷത്തിനുള്ളിൽ ചെലവഴിക്കാൻ സാധ്യതയില്ലെന്ന് വിലയിരുത്തുന്ന തുക ഫെബ്രുവരി 28 നകം അതാത് സ്ഥാപനങ്ങളിലേക്ക് തിരികെ നൽകേണ്ടതാണ്. മാർച്ച് 31 ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്നും ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും മുൻ വർഷങ്ങളിൽ ലഭ്യമായതും നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ ജില്ല പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 50,31,278/-രൂപ തിരികെ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/2022 – 23/24.07.2023) ലഭ്യമാക്കിയ മറുപടി പ്രകാരം 15,00,000/- രൂപയുടെ പദ്ധതി പുരോഗമിക്കുകയാണെന്നും, മറ്റ് തുകകളുടെ വിശദാംശങ്ങൾ ഡിഡിപിയിൽ നിന്ന് ആവശ്യപ്പെട്ടതനുസരിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും, ആയതിനാൽ ഇത് സർക്കാരിലേക്ക് തിരിച്ചടക്കാവുന്നതാണോ എന്ന കാര്യത്തിൽ വ്യക്തത ഇല്ലാത്തതിനാലാണ് തിരിച്ചടയ്ക്കാത്തത് എന്നുമാണ്. മേൽ കാര്യങ്ങളിൽ വ്യക്തത വരുത്തി പദ്ധതി നിലവിൽ ഇല്ലാത്ത തുകകൾ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതും, പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സെക്രട്ടറിയും, ഭരണസമിതിയും, നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലഭ്യമായ തുക ഉപയോഗപ്പെടുത്താതെ നഷ്ടപ്പെടുത്തിയതിന് ഫീ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന ജില്ലാ- ബ്ലോക്ക് പഞ്ചായത്ത് വിഹിതം സമയബന്ധിതമായി തിരിച്ചടച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം ചെയ്തു.

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട വ്യക്തിയുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടാതെ മാസങ്ങളോളം അക്കൗണ്ടിൽ പണം നിക്ഷേപിക്കുന്ന സ്ഥിതിയാണ് പഞ്ചായത്തിലുള്ളത്. വീടുകളിലെത്തി നേരിട്ട് നൽകപ്പെടുന്നവരുടെ പെൻഷൻ മാത്രമാണ് സമയബന്ധിതമായി റദ്ദ് ചെയ്യപ്പെടുന്നത്. പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടേയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിൽ ഇല്ല. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിലെ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോകുന്നുണ്ട്. അതിനാൽ അനർഹരായവർക്ക് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ മരണപ്പെട്ട വ്യക്തിയുടെ പെൻഷൻ അധികം നല്കിയതായി കാണുന്നു.

| പെൻഷൻ ഐ.ഡി | പേര് | മരണം | അധികമായി നൽകിയത് | തുക |
|---|---|---|---|---|
| 110580201000 | ജെയിംസ് വി. എം. വാകയിൽ ഹൗസ് ചുണ്ടത്തുംപൊയിൽ | 28/09/2022 | 7 മാസം (1600*7) | 11200 |

ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. ആയത് ചെയ്യാത്തത് മൂലമാണ് മേൽ പ്രകാരം പെൻഷൻ അനുവദിക്കുന്ന സ്ഥിതി ഉണ്ടായത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. /2022- 23, തീയതി. 25/07/2023) മറുപടി ലഭ്യമാക്കിയിട്ടില്ല,

പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാ വർക്കർമാരെയും ഉപയോഗപ്പെടുത്തി അനർഹർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കണവാടി/ആശാ വർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ

സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. പെൻഷൻ റദ്ദ് ചെയ്യാൻ ലഭിക്കുന്ന അപേക്ഷകൾക്കും രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

അധികമായി നൽകിയ പെൻഷൻ തുക തിരിച്ച് ഈടാക്കാത്തപക്ഷം പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയാണ്. അനർഹരായവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും അധികമായി നൽകിയ തുക തിരിച്ചടയ്ക്കാൻ വ്യക്തികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ കത്ത് നൽകേണ്ടതും, തുക തിരിച്ചടച്ച് അറിയിക്കേണ്ടതുമാണ്.

### 1- 13 FTE&OS ലൈസൻസ് അപാകതകൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2023 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ളത് 2226 കെട്ടിടങ്ങൾക്കാണ്. ഇതിൽ 44 എണ്ണം വേക്കൻസി റെമിഷന് അപേക്ഷിച്ചതും 50 എണ്ണം ഡീമോളിഷ് ചെയ്തവയുമാണ്. 2022-2023 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 398 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. 618 കെട്ടിടങ്ങളിലാണ് പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്.

വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ലൈസൻസ് എടുത്തവരുടെ എണ്ണത്തിൽ വർദ്ധനയില്ല എന്നതിനാൽ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.16/2022-23)മറുപടി ലഭ്യമായിട്ടില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-14 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗ്ഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

### 1-14-1 പൊതുവായ അപാകതകൾ

1. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല

07.01.2022 മുതൽ 28.03.2023 വരെയുള്ള കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പ്രകാരം യോഗങ്ങളിൽ ഒന്നും തന്നെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, ഭരണ സമിതിക്ക് ശിപാർശ നൽകുകയോ ചെയ്തിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും ആയത് ഭരണസമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

2. ബജറ്റിൽ നിർദേശിച്ചിട്ടുള്ള തനത് വരുമാനം പിരിച്ചിട്ടില്ല .

കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും വാർഷിക കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം(₹) | വാർഷിക കണക്ക് പ്രകാരമുള്ള വരവ്(₹) | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം(₹) |
|---|---|---|---|
| | | | |
| വസ്തു നികുതി (തൻവർഷം) | 5000000/- | 4520101/- | 479899/- |
| | | | |
| തൊഴിൽനികുതി (തൻവർഷം) | 4800000/- | 2006525/- | 2783475/- |

| | | | |
|---|---|---|---|
| Rental Income | 5000/- | 2500 | 2500 |
| Fee & User Charges | 2720000/- | 1535881/- | 1184119/- |
| Sale & Hire Charges | 457000/- | 281575/- | 175425/- |
| Interest Earned | 600000/- | 418164/- | 181836/- |

കുടിശ്ശിക നിവാരണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2022-23 സാമ്പത്തിക വർഷത്തിലെ നികുതി 100% പിരിച്ചെടുത്തിട്ടുള്ളതാണെന്നും കെട്ടിടനികുതി പിരിക്കുന്നതിന് വാർഡ് തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഡിമാൻഡ് നോട്ടീസ് വിതരണം കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് നടപ്പിലാക്കുകയും കൂടാതെ നവമാധ്യമങ്ങൾ വഴി പ്രചാരണം നടത്തുകയും ഗ്രാമസഭകൾ മുഖേന അറിയിപ്പ് നൽകിയിട്ടുള്ളതുമാണ് എന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക നിവാരണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെങ്കിലും വസ്തുനികുതി ഇനത്തിൽ ഈടാക്കാനുള്ള കുടിശ്ശിക പൂർണ്ണമായും ഈടാക്കേണ്ടതാണ്.

3. സർക്കാർ നിർദേശങ്ങൾ പാലിച്ചില്ല .

1) എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്.എന്നാൽ ഗ്രാമസഭ യോഗങ്ങളുടെ മിനിറ്റ്സ്, ഭരണ സമിതി യോഗങ്ങളുടെ മിനിറ്റ്സ് എന്നിവ പ്രകാരം ഇപ്രകാരമുള്ള അവലോകനം നടന്നിട്ടില്ല. മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് തനത് വരുമാനങ്ങളുടെ ഡി സി ബി പത്രിക തയ്യാറാക്കേണ്ടതും ഗ്രാമസഭകളിലും ഭരണ സമിതി യോഗങ്ങളിലും അവലോകനം നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-14-2 വസ്തു നികുതി പിരിവ്

1. പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ നടപ്പാക്കിയിട്ടില്ല .

01.04.2023 ലെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. വസ്തുനികുതിയുടെ പുതുക്കിയ നിരക്കുകൾ പഞ്ചായത്തിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സേവന ഉപനികുതി

ഗ്രാമപഞ്ചായത്തിൽ നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിലേക്കായി സേവന ഉപനികുതി ഈടാക്കുന്നതിലേക്ക് തീരുമാനമെടുക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-14-3 തൊഴിൽ നികുതി

1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് വിതരണം ക്രമപ്രകാരമാണ്.

2. സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ), സ്വകാര്യ സ്കൂൾ/കോളേജുകൾ തുടങ്ങി തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം . 12/2022-23 തീയതി 24/07/2023) വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനീയർമാർ, സ്വകാര്യ സ്കൂൾ/കോളേജുകൾ, സ്വകാര്യ ഡോക്ടർമാർ എന്നിവരുടെ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടുണ്ടെന്ന് മറുപടി നല്കിയിട്ടുണ്ട്. തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

3. വാർഷിക ധനകാര്യ പത്രികയും തൊഴിൽ നികുതി രജിസ്റ്ററിലെയും തുകകൾ പൊരുത്തപ്പെടുന്നുണ്ട്. രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

1-14-4 നികുതിയേതര വരവുകൾ

1. ലൈസൻസെടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ ആനുപാതികമായ വർദ്ധനവില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 2226 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. എന്നാൽ ഫാക്ടറി, വ്യാപാരം, സംരംഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം 398 സ്ഥാപനങ്ങളാണ് ലൈസൻസ് നേടിയിട്ടുള്ളത്. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ഉള്ളതിന് ആനുപാതികമായി ലൈസൻസ് പിരിവ് വർദ്ധിച്ചിട്ടില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-15 കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 പ്രകാരം ഇളവനുവദിക്കപ്പെട്ട തോട്ടഭൂമിയിൽ നിർമ്മാണപ്രവർത്തികൾക്ക് അനുമതി നല്കിയത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 പ്രകാരം ഇളവനുവദിക്കപ്പെട്ട തോട്ടഭൂമിയിൽ വീടുകൾ നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് അപേക്ഷകളിൽ അനുമതി നല്കാതിരിക്കുകയും, ഇതര വ്യവസായത്തിന് വില്ലേജ് ഓഫീസറിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കാതെ തന്നെ അനുമതി നൽകുകയും ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർമ്മാണപ്രവൃത്തിക്ക് അനുമതി നൽകിയ കെട്ടിടത്തിന്റെ വിവരങ്ങൾ

1. ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ കുമാരനെല്ലൂർ വില്ലേജിൽ അള്ളി ദേശത്ത് അൺസർവ്വെയിൽപ്പെടുന്ന ഇളവനുവദിക്കപ്പെട്ട തോട്ടഭൂമിയിൽ നാഥ് ഇൻഫ്രാസ്ട്രക്ചർ ഹോട്ട് മിക്സിങ്ങ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 14/05/2019 ൽ A3/BA/189480/19 നമ്പറായി, 03/07/2019 ലെ 9-ാം നമ്പർ തീരുമാനപ്രകാരം 11/07/2019 ന് പെർമിറ്റ് അനുവദിച്ചതായി കാണുന്നു. പ്രസ്തുത പെർമിറ്റിന് നല്കിയ അപേക്ഷയിൽ വില്ലേജ് ഓഫീസർ നല്കിയ കൈവശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം അൺസർവ്വെ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

പ്രസ്തുത പ്ലാന്റിന് അനുമതി നല്കിയതിനെതിരെ 04/07/2019 ന് ബഹു. മുഖ്യമന്ത്രിക്ക് നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ നല്കിയ വിശദീകരണത്തിൽ പ്രസ്തുത സ്ഥലം കുമാരനെല്ലൂർ വില്ലേജിൽ അള്ളി ദേശത്ത് അൺസർവ്വെയിൽപ്പെടുന്നതും മുക്കം SRO യിലെ 1611/06 നമ്പർ ആധാരങ്ങൾ പ്രകാരം എ.കെ. ജലീൽ പാലത്തുംവീട്ടിൽ എന്നവരുടെ കൈവശത്തിലുള്ളതുമായ 25.2276 ഹെക്ടർ സ്ഥലത്തിന് 27/02/2019 ന് 307/19 നമ്പറായി വീട് നിർമ്മാണ ആവശ്യാർത്ഥം കൈവശാവകാശ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ഭൂമി കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 പ്രകാരം ഇളവനുവദിക്കപ്പെട്ട തോട്ടഭൂമിയിൽപ്പെടുന്നതാണെന്നും 20/12/2019 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 11/07/2019 ന് ഗ്രാമ പഞ്ചായത്ത് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

2. ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ കുമാരനെല്ലൂർ വില്ലേജിൽ അള്ളി ദേശത്ത് അൺസർവ്വെയിൽപ്പെടുന്ന ഇളവനുവദിക്കപ്പെട്ട തോട്ടഭൂമിയിൽ എക്കോസ്റ്റോൺ എന്ന പേരിൽ ക്രഷർ സ്ഥാപിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്, സ്ഥാപനത്തിന് 11/03/2022 ന് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. എക്കോസ്റ്റോൺ ക്രഷർ എന്ന സ്ഥാപനത്തിന്റെ പെർമിറ്റ് ഫയൽ ( A5- BA(31505)2019 , ഫയൽ നമ്പർ. 541/A Ward 5 എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഫയൽ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വസിഷൻ (നമ്പർ. 02/ തിയതി. 25.07.2023) നൽകിയിട്ടും ഫയലുകൾ ഹാജരാക്കിയില്ല.

നിർമ്മാണ പ്രവൃത്തിക്ക് അനുമതി നൽകാത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ

1. ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിലെ സിദ്ദിഖ് കെ.പി. നച്ചുളിപൊയിൽ ആനയാംകുന്ന്, എന്നവർ 29/10/2022ന് വീട് നിർമ്മിക്കുന്നതിന് വേണ്ടി പെർമിറ്റിന് അപേക്ഷ നല്കിയിട്ടുണ്ട്, കുമാരനെല്ലൂർ വില്ലേജിൽ ആനയാംകുന്ന് ദേശത്ത് റീ.സർവ്വെ 76/43 ൽപ്പെടുന്നതും സിദ്ദിഖ് S/o മൂസ്സ എടലംപാട്ട് എന്നവരുടെ കൈവശത്തിലുള്ളതുമായ 4.1886 ആർ സ്ഥലത്തിന് 21/09/2022 ന്

68680169 നമ്പറായി കൈവശ അവകാശ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ഭൂമി കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 പ്രകാരം ഇളവനുവദിക്കപ്പെട്ട തോട്ട ഭൂമിയിൽപ്പെടുന്നതാണെന്നും 09/11/2022 ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്, ഈ റിപ്പോർട്ട് പരിഗണിച്ച് 20/12/2022 ന് സെക്രട്ടറി പെർമിറ്റ് അപേക്ഷ നിരസിച്ചിട്ടുണ്ട്.

2. ഗ്രാമ പഞ്ചായത്തിലെ 9-ാം വാർഡിലെ മുഹമ്മദ് ഹനീഫ & നസീറ മുരിങ്ങംപുറായിൽ കാരശ്ശേരി ,എന്നവർ 16/09/2022ന് വീട് നിർമ്മിക്കുന്നതിന് വേണ്ടി പെർമിറ്റിന് അപേക്ഷ നല്കിയിട്ടുണ്ട്, കുമാരനെല്ലൂർ വില്ലേജിൽ ആനയാംകുന്ന് ദേശത്ത് റീ.സർവ്വെ 76/309ൽ പ്പെടുന്നതും മുഹമ്മദ് ഹനീഫ & നസീറ എന്നവരുടെ കൈവശത്തിലുള്ളതുമായ 6.0705 ആർ സ്ഥലത്തിന് 27/08/2022 ന് 67570119 നമ്പറായി കൈവശ അവകാശ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ഭൂമി കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 പ്രകാരം ഇളവനുവദിക്കപ്പെട്ട തോട്ട ഭൂമിയിൽപ്പെടുന്നതാണെന്നും 29/09/2022 ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്, ഈ റിപ്പോർട്ട് പരിഗണിച്ച് 01/10/2022 ന് സെക്രട്ടറി പെർമിറ്റ് അപേക്ഷ നിരസിച്ചിട്ടുണ്ട്.

3. ഗ്രാമ പഞ്ചായത്തിലെ 5-ാം വാർഡിലെ അഹമ്മദ് പള്ളിപറമ്പിൽ മരഞ്ചാട്ടി, എന്നവർ 30/08/2022ന് വീട് നിർമ്മിക്കുന്നതിന് വേണ്ടി പെർമിറ്റിന് അപേക്ഷ നല്കിയിട്ടുണ്ട്, കുമാരനെല്ലൂർ വില്ലേജിൽ അള്ളി ദേശത്ത് റീ.സർവ്വെ 153/1426 ൽപ്പെടുന്നതും അഹമ്മദ് പള്ളിപറമ്പിൽ എന്നവരുടെ കൈവശത്തിലുള്ളതുമായ 10.219 ആർ സ്ഥലത്തിന് 26/08/2022 ന് 67528786 നമ്പറായി കൈവശ അവകാശ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ഭൂമി കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 പ്രകാരം ഇളവനുവദിക്കപ്പെട്ട തോട്ടഭൂമിയിൽപ്പെടുന്നതാണെന്നും 03/09/2022 ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്, ഈ റിപ്പോർട്ട് പരിഗണിച്ച് 16/09/2022 ന് സെക്രട്ടറി പെർമിറ്റ് അപേക്ഷ നിരസിച്ചിട്ടുണ്ട്.

കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 പ്രകാരം ഇളവനുവദിക്കപ്പെട്ട തോട്ടഭൂമിയിൽ വീടുകൾ നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് അപേക്ഷകളിൽ അനുമതി നല്കാതിരിക്കുകയും, ഇതര വ്യവസായത്തിന് വില്ലേജ് ഓഫീസറിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കാതെ തന്നെ അനുമതി നൽകുകയും ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. /2022- 23, തീയതി. 25/07/2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

വീടുകൾ നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് അപേക്ഷകളിൽ KPBR ചട്ടം 4(2) പ്രകാരം അനുമതിയില്ലാതെ നടത്തുന്ന നിർമ്മാണ പ്രവൃത്തി നിർത്തിവെക്കാനും അല്ലാത്തപക്ഷം KPBR ചട്ടം 4(2) ചട്ടലംഘനത്തിന് നടപടി സ്വീകരിക്കും എന്നും അറിയിച്ച് കത്ത് നൽകിയിട്ടുണ്ട് എന്നാൽ നാഥ് ഇൻഫ്രാസ്ട്രക്ചർ ഹോട്ട് മിക്സിങ്ങ് പ്ലാന്റ് , എക്കോസ്റ്റോൺ ക്രഷർ എന്നിവരുടെ പെർമിറ്റ് അപേക്ഷയിൽ വില്ലേജ് ഓഫീസറിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കി KPBR ചട്ടം 4(2) പ്രകാരം അനുമതിയില്ലാതെ നടത്തുന്ന നിർമ്മാണ പ്രവൃത്തി നിർത്തിവെക്കുന്നതിന് പകരം KPBR ചട്ടം 4(2) വിരുദ്ധമായി അനുമതി നൽകുകയാണ് ചെയ്തത്. അനധികൃത നിർമ്മാണം കണ്ടെത്തിയിട്ടും സെക്രട്ടറി നടപടി സ്വീകരിച്ചിട്ടില്ല. എക്കോസ്റ്റോൺ ക്രഷർ എന്ന സ്ഥാപനത്തിന്റെ പെർമിറ്റ് ഫയൽ ( A5-BA(31505)2019 , ഫയൽ നമ്പർ. 541/A Ward 5 എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-16 ജൽ ജീവൻ പദ്ധതിക്ക് വേണ്ടി പൊളിച്ചുമാറ്റിയ റോഡുകൾ പുനസ്ഥാപിക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളിൽ ജല അതോറിറ്റി ജലജീവൻ മിഷൻ പദ്ധതി പ്രകാരം പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് പൊളിച്ചുമാറ്റിയിട്ടുണ്ട്. എന്നാൽ ജലഅതോറിറ്റി ഈ റോഡുകൾ റെസ്റ്റോറേഷൻ നടത്തി ഗതാഗത യോഗ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ ഏതെല്ലാം റോഡുകളാണ് പദ്ധതിയ്ക്കായി പൊളിച്ച മാറ്റിയത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ജല ജീവൻ മിഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനിൽ നിന്ന് ശേഖരിച്ച കണക്ക് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ താഴെ പറയുന്ന ടാർ/കോൺക്രീറ്റ് ചെയ്ത റോഡുകൾ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൊളിച്ചുമാറ്റിയിട്ടുണ്ട്. ആയവ ഗതാഗത യോഗ്യമാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടില്ല.

| ക്രമ നമ്പർ | വാർഡ് | ജലജീവൻ പദ്ധതിയുടെ ഭാഗമായി പൊളിച്ച റോഡ് |
|---|---|---|
| 1 | 1 | നെല്ലിക്കാത്ത് തടപ്പറമ്പ് റോഡ് |
| 2 | | പാലിയിൽ റോഡ് |
| 3 | | പാലിയിൽ തടപ്പറമ്പ് റേഡ് |
| 4 | | മുക്കിൽ ഇർനംകൊയ്തിൽ റോഡ് |
| 5 | | തടപ്പറമ്പ് റോഡ് |
| 6 | 2 | പയനിങ്ങൽ റോഡ് |
| 7 | | തൊണ്ടിമ്മൽ റോഡ് |
| 8 | | പയനിങ്ങൽ കൈക്കോട്ടം പൊയിൽ റോഡ് |

| | | |
|---|---|---|
| 9 | | അക്കര പറമ്പ് റോഡ് |
| 10 | | ചുടലക്കണ്ടി റോഡ് |
| 11 | | കൽപ്പൂർ റോഡ് |
| 12 | 3 | മാങ്കുന്നമ്മൽ റോഡ് |
| 13 | | കൽപ്പൂർ എസ്റ്റേറ്റ് റോഡ് |
| 14 | | കുളത്തും കടവ് സിക്സ്ത്ത് ബ്ലോക്ക് |
| 15 | 4 | കൊളത്തും കടവ് ബ്രിഡ്ജ് റോഡ് |
| 16 | | പരധ റോഡ് |
| 17 | | പരത ചാലിക്കണ്ടി റോഡ് |
| 18 | | നമ്പൂതിരി റോഡ് |
| 19 | | വല്ലത്തായിപ്പാറ റോഡ് |
| 20 | | കവരോള മൊട്ടോളി റോഡ് |
| 21 | | മൊട്ടോളി റോഡ് |
| 22 | | എസ്റ്റേറ്റ് റോഡ് |
| 23 | 5 | താമരവള്ളി എസ്റ്റേറ്റ് റോഡ് |
| 24 | | മർക്കസ് കോളനി റോഡ് |
| 25 | | പൊന്നൂർ പൊയിലിൽ ക്രഷർ റോഡ് |
| 26 | | ചുടത്തും പോയിലിൽ റോഡ് |
| 27 | 7 | പാതേരി റോഡ് |
| 28 | | നാരങ്ങാ തൊടി റോഡ് |
| 29 | | കുരിശുപാറ പോക്കറ്റ് റോഡ് |
| 30 | | പാതെന്നൽ കത്തേരിക്കുന്ന് റോഡ് |
| 31 | | കുരിശു പാറ റോഡ് |
| 32 | | എസ്റ്റേറ്റ് റോഡ് |
| 33 | 8 | പേച്ചാം ക്കുന്ന് റോഡ് |
| 34 | | കോഴിപ്രമ്പൻ റോഡ് |
| 35 | | കൈനഗരി എസ്റ്റേറ്റ് റോഡ് |
| 36 | | സണ്ണിമാഷ് സ്മാരക റോഡ് |
| 37 | | കപ്പാല റോഡ് |
| 38 | 9 | ആക്കോട്ടും ചാലിൽ കാളാണ്ടിയിൽ റോഡ് |
| 39 | | പുള്ളിപ്പൊയിൽ റോഡ് |
| 40 | | ശിശുമന്ദിരം റോഡ് |
| 41 | | അണ്ടിക്കുന്ന് റോഡ് |
| 42 | | തുങ്ങലിൽ പോക്കറ്റ് റോഡ് 1 |
| 43 | | തുങ്ങലിൽ പോക്കറ്റ് റോഡ് 2 |
| 44 | | കുറ്റി പ്പറമ്പ് പുൽ ചുടല റോഡ് |
| 45 | 11 | മുരിങ്ങം പുറായിൽ എടലമ്പാട്ട് റോഡ് |
| 46 | 12 | തോണ്ടയിൽ ലിങ്ക് റോഡ് |
| 47 | | വേനപ്പാറ കോളനി റോഡ് |
| 48 | | തരിപ്പാല പരമ്പിൽ റോഡ് |
| 49 | | തൊണ്ടിമ്മൽ കോഴിഫാം റോഡ് |
| 50 | | ക്വോറി റോഡ് |
| 51 | | കരിമ്പനക്കണ്ടി റോഡ് |
| 52 | | വെണ്ണ പ്പാറക്കൽ പോക്കറ്റ് റോഡ് |
| 53 | | വലിയ പറമ്പ് റോഡ് |
| 54 | 13 | നെല്ലിക്കാം പറമ്പ് റോഡ് ജംഗ്ഷൻ |
| 55 | | മാടക്കശ്ശേരി പോക്കറ്റ് റോഡ് |
| 56 | | നെല്ലിക്കാം പറമ്പ് പള്ളി റോഡ് |

| | | |
|---|---|---|
| 57 | | കൊളത്തും പറമ്പ് റോഡ് |
| 58 | | നെല്ലിക്കാം പരമ്പ് ലിങ്ക് റോഡ് |
| 59 | | ക്രഷർ റോഡ് |
| 60 | 14 | മാളിയക്കൽ പള്ളി ജംഗ്ഷൻ റോഡ് |
| 61 | | സർക്കാർ പറമ്പ് റോഡ് |
| 62 | | ചാമക്കാലായി റോഡ് |
| 63 | | മാളിയക്കൽ സർക്കാർ പറമ്പ് റോഡ് |
| 64 | | മാടക്കശ്ശേരി ടെമ്പിൾ റോഡ് |
| 65 | | കക്കാട് വെള്ളരിക്കാട് റോഡ് |
| 66 | | കക്കാടം കുന്ന് റോഡ് |
| 67 | 15 | തേക്കിൽ ചോട് വൈഷം പുറം റോഡ്വൈഷം പുറംറോഡ് |
| 68 | | കളത്തിങ്ങൽ റോഡ് |
| 69 | | എടക്കാട് കോളനി റോഡ് |
| 70 | | ചക്കമ്മൽ വേങ്ങേരി പറമ്പ് |
| 71 | | ഉറവ് കുണ്ട് റോഡ് |
| 72 | | സൌത്ത് കാരശ്ശേരി വൈഷം പുറം റോഡ് |
| 73 | 16 | ചോണാട് ജംഗ്ഷൻ റോഡ് |
| 74 | | പുതിയോട്ടിൽ റോഡ് |
| 75 | | കരിമ്പനക്കണ്ടി റോഡ് |
| 76 | | മേച്ചേരി എസ്റ്റേറ്റ് കോഴിഫാം റോഡ് |
| 77 | | അരുവിക്കര റോഡ് |
| 78 | | പുഴമ്പുറത്ത് റോഡ് |
| 79 | | മാട്ടുമ്മൽ റോഡ് |
| 80 | | നെല്ലിക്കൽ കുളിക്കടവ് റോഡ് |

ജലജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു അപാകതകൾ താഴെ കൊടുക്കുന്നു.

1) ജല അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

ജലജീവൻമിഷൻ പ്രവൃത്തി നടക്കുന്ന റോഡുകളിലെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തേണ്ടത് ജല അതോറിറ്റിയാണ്. എന്നാൽ ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് വ്യക്തതയില്ല. പദ്ധതിയ്ക്കായി റോഡുകൾ ജല അതോറിറ്റിയ്ക്ക് കൈമാറുന്നത് സംബന്ധിച്ചും പൊളിച്ചുമാറ്റുന്ന റോഡുകൾ പുനസ്ഥാപിക്കുന്നത് സംബന്ധിച്ചും പഞ്ചായത്ത് ജല അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ജല അതോറിറ്റി പദ്ധതി നടത്തിപ്പിനായി പൊളിച്ചു മാറ്റിയ റോഡുകൾ റെസ്റ്റോറേഷൻ നടത്താത്തത് ഗ്രാമപഞ്ചായത്തിന് വൻ ബാധ്യതയാകുന്നതാണ്.

2)റോഡ് മെയിന്റനൻസ് പ്രവൃത്തികൾ നടപ്പിലാക്കാനാകാതെ ഫണ്ടുകൾ പാഴായി

തൻവർഷം റോഡ് മെയിന്റനൻസ് പ്രവൃത്തികൾക്കായി രൂപീകരിച്ചിട്ടുള്ള 36 പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. റോഡുകളിൽ ജലജീവൻ പദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നത് എന്ന് എഞ്ചിനീയറിങ്ങ് വിഭാഗം അറിയിക്കുകയുണ്ടായി. ഏതെല്ലാം റോഡുകളിലാണ് ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കാനുള്ളത് എന്ന് വ്യക്തമായി ധാരണയില്ലാതെ മെയിന്റനൻസ് പ്രവർത്തികൾക്ക് പദ്ധതി രൂപീകരിച്ചതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതെ ഫണ്ട് പാഴാകാനിടയായത്. റോഡ് മെയിന്റനൻസിനായി 32895131 രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ച് അംഗീകാരം വാങ്ങിയതിൽ 19916055 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. പട്ടികയിൽ വിവരിച്ച റോഡുകൾ അറ്റകുറ്റപണി നടത്തി ഗതാഗത യോഗ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം പ്രവർത്തനം ആരംഭിച്ചില്ല.

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ.(കൈ) 45/ 2020/ ത.സ.ഭ.വ, തീയതി, 06/03/2020 എന്നിവ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്ത് സ്ഥാപിക്കേണ്ടതുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സൗകര്യങ്ങളോട്ടു കൂടിയ പൊതുശുചി മുറികളും ലൈറ്റ് റിഫ്രഷ്മെന്റ് സൗകര്യങ്ങളും ഒരുക്കി പാതയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം സ്ഥാപിക്കുന്നതിനായി കൊയിലാണ്ടി എടവണ്ണ സംസ്ഥാന പാതയോരത്ത് അനുയോജ്യമായ ഒരു സ്ഥലം തെരഞ്ഞെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 4516990 രൂപ വകയിരുത്തി നടത്തി വരുന്ന പ്രവൃത്തിയിൽ ഇതുവരെ 2423640 രൂപ ചെലവഴിച്ച് ടേക്ക് എ ബ്രേക്ക് കെട്ടിടത്തിലെ ഒന്നാം നിലയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾചുവടെ കൊടുക്കുന്നു.

| പദ്ധതി | ചെലവ് തുക | റിമാർക്സ് |
|---|---|---|
| 210/23 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം- കെട്ടിട നിർമ്മാണം | 2423640<br>(1815540-സംസ്ഥാന വിഹിതം,<br>ബിൽ നമ്പർ -104/26.10.22,313 /23.2.23<br>608100-<br>സി.എഫ്.സി ഗ്രാന്റ് ബിൽ-312/23.2.23) | കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് ഫൈനൽ ബിൽ അനുവദിച്ചിട്ടില്ല |

ഒന്നാം നിലയുടെ പ്രവൃത്തി പൂർത്തിയായിട്ടുള്ളതിനാൽ കെട്ടിടത്തിന്റെ ഉദ്ഘാടനം 14.06.23 ന് നടത്തിയിട്ടുണ്ട്. എന്നാൽ കെട്ടിടം പൂർണ്ണതോതിൽ ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല. 22.7.2023 ന് സ്ഥലസന്ദർശനം നടത്തിയപ്പോൾ റൂമുകളെല്ലാം അടച്ചിട്ടിരിക്കുകയാണെന്ന് കണ്ടു. കഫറ്റേരിയ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രവർത്തനം നടത്തുന്നതിനായി ടേക്ക് എ ബ്രേക്ക് കെട്ടിടം കുടുംബശ്രീ സംവിധാനത്തെ ഏല്പിച്ചിട്ടില്ല. എന്നാൽ മാർഗ്ഗരേഖ പ്രകാരം തദ്ദേശ ഭരണ സ്ഥാപന പരിധിയിലുള്ള കുടുംബശ്രീ മിഷൻ യൂണിറ്റുകൾക്കാണ് നടത്തിപ്പ് പരിപാലന ചുമതല നൽകേണ്ടത്.

<u>കെട്ടിടം പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.</u>

കെട്ടിട നിർമ്മാണത്തിനായി പദ്ധതി തയ്യാറാക്കുമ്പോൾ ശുചിമുറി ദിവസവും ഉപയോഗിക്കാൻ സാധ്യതയുള്ള ആളുകളുടെ എണ്ണം പരിഗണിക്കേണ്ടതുണ്ട്. അത്തരമൊരു പരിശോധന നടന്നതായി കാണുന്നില്ല. മുകൾ നിലയുടെ നിർമ്മാണം നടത്തുമ്പോൾ ഇക്കാര്യം കൂടി പരിഗണിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം ടേക്ക് എ ബ്രേക്ക് വൈദ്യുതീകരിക്കുന്നതിനായി 300000രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും 212/23 പദ്ധതി നടപ്പിലാക്കിയിട്ടില്ല. കെട്ടിടത്തിൽ വൈദ്യുതി, ജലം എന്നിവ ലഭ്യമാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

27.7.2020 ലെ സ.ഉ(സാധാ)1401/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം പ്രവർത്തിപ്പിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് നിർദ്ദേശിച്ച പ്രകാരം അപാകതകൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം പ്രവർത്തനം ആരംഭിച്ച് വിവരം അറിയിക്കുന്നത് വരെ ഓഡിറ്റ് വർഷം ചെലവഴിച്ച 2423640 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-18 ആനയാംകുന്ന് ജി.എൽ.പി സ്കൂൾ മോട്ടോർ സ്ഥാപിക്കൽ പദ്ധതിയ്ക്ക് അധിക തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി നമ്പർ - 1)48/23(സ്പിൽ ഓവർ) ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 165390 ( ബിൽ -20/22.6.22)

2)257/23 ധനകാര്യ കമ്മീഷൻ ഗ്രാന്റ്

162517 (ബിൽ -138/24.11.22)

ആനയാംകുന്ന് ജി.എൽ.പി സ്കൂളിൽ പമ്പ്സെറ്റും മോട്ടോറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഒന്നാമത്തെ പദ്ധതിയിൽ പൈപ്പ് ലൈൻ ഇടൽ പ്രവൃത്തി പൂർത്തിയാക്കി. ഈ പദ്ധതിയിൽ മോട്ടോർ സ്ഥാപിക്കുന്നതിന് 22500 രൂപ വകയിരുത്തിയിരുന്നു എങ്കിലും സ്കൂൾ വളരെ ഉയരത്തിൽ സ്ഥിതിചെയ്യുന്നതാകയാൽ കൂടുതൽ എച്ച്.പി യുള്ള മോട്ടോർ സ്ഥാപിക്കുന്നതിനാണ് മറ്റൊരു പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതിയിൽ 162517 രൂപ ചെലവഴിച്ചാണ് മോട്ടോർ സ്ഥാപിച്ചിട്ടുള്ളത്. ടെണ്ടർ നടപടികൾ കൂടാതെ റെയ്ഡ്കോ മുക്കം എന്ന അംഗീകൃത സ്ഥാപനമാണ് മോട്ടോർ സ്ഥാപിച്ചിട്ടുള്ളത്. 250 വിദ്യാർഥികൾ പഠിക്കുന്ന എൽ പി സ്കൂളിലേക്ക് മോട്ടോർ സ്ഥാപിക്കുന്നതിന് വലിയ ഒരു കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ സ്ഥാപിക്കുന്നതിനുള്ള ചെലവ് വരുന്ന ബില്ലാണ് റെയ്ഡ്കോ സമർപ്പിച്ചിട്ടുള്ളത്. പദ്ധതിയ്ക്കാവശ്യമായ മോട്ടോർ സ്ഥാപിക്കുന്നതിന് ഉയർന്ന നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും റെയ്ഡ്കോ തന്നെയാണ്. അവർ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിലെ നിരക്കുകളിന്മേൽ യാതൊരു പരിശോധനയും കൂടാതെ തുക അനുവദിക്കുകയാണ് ചെയ്തത്. 15.11.22 ലെ MKM/161/2022-23 നമ്പർ ഇൻവോയ്സ് പ്രകാരം 3HP മോട്ടോറിന് 31388 രൂപ വില കണക്കാക്കിയത് ഓഡിറ്റ് അംഗീകരിക്കുന്നു. ഇതിന്റെ ഇൻസ്റ്റലേഷൻ കൺട്രോൾ പാനൽബോഡും അതിന് ചെറിയ ഒരു ഫാബ്രിക്കേറ്റഡ് പാനൽ ഷെൽട്ടറും കിണറിന് സമീപം സ്ഥാപിച്ചിട്ടുണ്ട്. ഇതിന് ബിൽ പ്രകാരം 41949 രൂപ ഈടാക്കിയിട്ടുണ്ട്. സ്റ്റാന്റിങ്ങ് കമ്മിറ്റിയോ നിർവ്വഹണ ഉദ്യോഗസ്ഥനോ റെയ്ഡ്കോ സമർപ്പിച്ച ബില്ലിലെ തുകയുടെ ആധികാരികത ഉറപ്പു വരുത്തിയിട്ടില്ല. പദ്ധതി വർക്കിംഗ് ഗ്രൂപ്പിലെ വിദഗ്ധരെ കൊണ്ട് പരിശോധന നടത്തി അധിക വില ഈടാക്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. 48/23 പദ്ധതിയിൽ പൂർത്തിയാക്കിയ പൈപ്പ് ലൈനിലേക്ക് മോട്ടോർ സ്ഥാപിച്ച് കണക്ഷൻ നൽകുക മാത്രമാണ് ഇവിടെ ചെയ്തിട്ടുള്ളത്. ആയതിനാൽ 257/23 പദ്ധതിപ്രകാരം മോട്ടോർ സ്ഥാപിക്കുന്നതിന് റെയ്ഡ്കോ ഈടാക്കിയിട്ടുള്ള ഇൻസ്റ്റലേഷൻ ചാർജ്ജായ 35400 രൂപയുടെ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്തി . അധികമായി തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇതേ പദ്ധതിയ്ക്കായി 23-24 വർഷത്തിൽ 34610 രൂപ വകയിരുത്തി പദ്ധതി (262/24) രൂപീകരിച്ചിട്ടുള്ളത് എന്തിനെന്ന് വ്യക്തമല്ല.

അപാകതകൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ 257/23 നമ്പർ പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച തുക 162517 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1- 19 പാലിയേറ്റീവ് മന്ദിരം നിർമ്മാണം-സമഗ്രമായ പദ്ധതി തയ്യാറാക്കാത്തതിനാൽ ലക്ഷ്യം കൈവരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - 33/23 (182/22) ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 737535 (2021-22 ബിൽ -315/26.3.22)

173596 (22-23 ബിൽ -73/26.2.23)

കരാർ - 22/31.12.21, സക്കീർ കോന്നാലത്ത്

പെയിൻ ആന്റ് പാലിയേറ്റീവ് ഗ്രൂപ്പിന് ഓഫീസ് സൗകര്യം ഒരുക്കുന്നതിന് ഒരു കെട്ടിടം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ 15-ാം വാർഡിലെ കുറുത്തപറമ്പ് റോഡിൽ കെട്ടിടത്തിന് സ്ട്രക്ച്ചർ നിർമ്മിക്കുന്നതിനാണ് 2021-22 വർഷത്തിൽ പദ്ധതി തയ്യാറാക്കിയത്. തുടർ വർഷങ്ങളിൽ കെട്ടിടത്തിന്റെ പൂർത്തീകരണ പ്രവൃത്തികൾ നടത്തുന്നതാണ് എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഒന്നാം നിലയിലെ സ്ട്രക്ച്ചർ പ്രവർത്തിമാത്രം പൂർത്തിയാക്കിയിട്ടുണ്ട്. 22.7.23 ന് സ്ഥലം സന്ദർശിച്ചു. പദ്ധതിയിൽ വിഭാവനം ചെയ്ത പോലെ പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കുന്നതിന് തുടർ വർഷങ്ങളിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. 2022-23, 2023-24 വർഷങ്ങളിൽ ഈ പദ്ധതി പൂർത്തീകരിക്കാനാവശ്യമായ തുടർ പ്രോജക്കുകൾ തയ്യാറാക്കിയിട്ടില്ല. കെട്ടിടത്തിന്റെ ഒന്നാം നിലയുടെ സ്ട്രക്ച്ചർ മാത്രം പൂർത്തിയാക്കുകയും തുടർ പ്രവർത്തനങ്ങൾ ചെയ്യാതിരിക്കുകയും ചെയ്തതിനാൽ ചെലവാക്കിയ തുക പാഴാകുന്ന അവസ്ഥയാണുള്ളത്. ഈ കെട്ടിടം നിർമ്മിച്ചിട്ടുള്ള സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തി റജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കി പാലിയേറ്റീവ് മന്ദിരം പ്രവർത്തനം ആരംഭിക്കുന്നത് വരെ ഓഡിറ്റ് വർഷം ചെലവഴിച്ച 173596 രൂപ തടസ്സത്തിൽ വയ്ക്കുന്നു

പ്രവൃത്തി പൂർത്തിയാക്കാത്ത പാലിയേറ്റീവ് മന്ദിരം



1-20 വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങൽ - ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതിനാൽ റെയിഡ്കോയ്ക്ക് അധികനിരക്ക് നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ കുടിവെള്ള പദ്ധതികളുടെ മോട്ടോർ വാങ്ങൽ എന്ന പ്രോജക്ട് മുഖേന കുടംപൊയിൽ കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിച്ചതിന് താഴെ പറയുന്ന പ്രകാരം 136075 രൂപ ചെലവഴിക്കുകയുണ്ടായി. പ്രൊജക്ട് പ്രകാരം മോട്ടോറുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്ത് മോട്ടോറുകൾ ഇൻസ്റ്റാൾ ചെയ്യുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ റെയ്ഡ്കോയെ നേരിട്ട് ഏല്പിക്കുകയും അവർ സമർപ്പിച്ച കാഷ് ഇൻവോയ്സ് പ്രകാരം തുക നൽകി പദ്ധതി പൂർത്തീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | ചെലവഴിച്ച തുക/ബിൽ സാങ്ഷൻ നം | ചെലവിന്റെ വിശദാംശം |
|---|---|---|---|
| 1 | 81/23 വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങൽ വാർഡ്- 17 | 136075 (സി.എഫ്.സി ഗ്രാന്റ്) 398/18-3-23 | 3p OWS 7.5 HP പമ്പ് സെറ്റ് - 60003<br>L&T MK1 Doll Starter 11-18- 3020.80<br>Earthing Materials -7670<br>Check Valve V Zoloto 2.5"- 5487<br>Astim Pipe 50 MM SCH.80- 6903<br>Nylon Rope - 1848<br>മറ്റ് അനുബന്ധ |

| | | | |
|---|---|---|---|
| | | | സാധനങ്ങൾക്കുള്ള ചെലവുകൾ - 51143.20<br>ആകെ-136075 |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) ആധികാരികതയില്ലാത്തതും വിശദവിവരങ്ങൾ ഉൾക്കൊള്ളാത്തതുമായ നിരക്കുകളാണ് റെയിഡ്കോ ബില്ലിൽ കാണിച്ചിരിക്കുന്നത്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സ്ഥാപനത്തെ നേരിട്ട് പ്രവൃത്തി ഏൽപ്പിച്ചതു കൊണ്ടാണ് ഇത്തരം അധിക ചെലവുകൾക്ക് ഇടയാക്കിയത് . മേൽ പ്രൊജക്ടുകൾ പ്രകാരം സാധനങ്ങൾ വാങ്ങുമ്പോൾ സ.ഉ(കൈ)നം.115/2022/തസ്വഭവ തീ.28.5.22 ധനവിനിയോഗ മാർഗ്ഗരേഖ ഖണ്ഡിക 2.20 പ്രകാരമുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

2) മേൽ പ്രവൃത്തികൾക്ക് മെക്കാനിക്കൽ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഓരോയിനത്തിനും റെയ്ഡ്കോ ആവശ്യപ്പെട്ട തുക നൽകുക മാത്രമാണ് ചെയ്തത്.

3) മോട്ടോർ പൊതുവിപണിയിൽ നിന്ന് ടെണ്ടർ/ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള സാധ്യത പർച്ചേസ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

വാർഡ് 17 ലെ കുടിവെള്ള പദ്ധതിയിൽ വാർഡ് 11 ലേതുൾപ്പെടെ 50 ഗുണഭോക്താക്കൾ ഉള്ളതും പരിപാലന കമ്മിറ്റിയെ ഏൽപ്പിച്ചതുമാണ്. നിലവിലുള്ള മോട്ടോർ കത്തിപ്പോയതിനാൽ പുതിയ മോട്ടോർ വാങ്ങി ഫിറ്റുചെയ്യുന്നതിനാണ് മേൽ പ്രവൃത്തി ചെയ്തിരിക്കുന്നത്. പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുമ്പോൾ ഗുണഭോക്താക്കളുടെ സഹായത്തോടെ മോട്ടോർ സ്ഥാപിക്കുകയാണ് ചെയ്യേണ്ടത്. എന്നാൽ ഇവിടെ ഗുണഭോക്താക്കളുടെ പങ്കാളിത്തം മോട്ടോർ സ്ഥാപിക്കുന്നതിലുണ്ടായിട്ടില്ല എന്നു കാണുന്നു.

അപാകതകൾക്ക് വ്യക്തമായ മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(5/25-7-23) സെക്രട്ടറി നൽകിയ മറുപടിയിൽ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ വിശദമാക്കിയിട്ടുണ്ട്.
സർക്കാർ അംഗീകൃ ഏജൻസിയായതിനാലാണ് റെയിഡ്കോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് മോട്ടോർ വാങ്ങിയത്. റെയ്ഡ്കോയുടെ എഞ്ചിനീയർ നേരിട്ട് വന്ന് പരിശോധന നടത്തിയ ശേഷമുള്ള എസ്റ്റിമേറ്റ് റേറ്റ് പ്രകാരമാണ് മോട്ടോർ സ്ഥാപിക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾ നിർവ്വഹിച്ചത്. ഗവൺമെന്റ് ഏജൻസിയെന്ന നിലയിലുള്ള സ്വീകാര്യതയാലും പദ്ധതി നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ കുറവായതിനാലുമാണ് പദ്ധതി റെയ്ഡ്കോയെ ഏല്പിച്ചത്. പാവപ്പെട്ട ഗുണഭോക്താക്കൾ ഉൾപ്പെടുന്ന പദ്ധതിയായതിനാൽ ഗുണഭോക്താക്കൾക്ക് ഫണ്ട് ലഭ്യമല്ലാത്തതിനാൽ മെക്കാനിക്ക് മോട്ടോർ മാറ്റിവയ്ക്കണമെന്ന് റിപ്പോർട്ട് ചെയ്തതിന്റെയടിസ്ഥാനത്തിലാണ് ഭരണസമിതി തീരുമാനമെടുത്ത് തുക ചെലവഴിച്ചത്.
ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പട്ട ക്രമ നം.1,2,3 അപാകതകൾക്ക് വ്യക്തമായ വിശദീകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ച് ഇത്തരം പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാണ്. റെയ്ഡ്കോയ്ക്ക് അധിക തുക നൽകാൻ ഇടയായിട്ടുണ്ടോയെന്ന് പരിശോധിച്ച് മേൽ സ്ഥാപനത്തിൽനിന്നും തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 പകൽ വീട് കെട്ടിടം പ്രവർത്തനം തുടങ്ങാത്തതിനാൽ കെട്ടിടം നിഷ്ക്രിയ ആസ്തിയായി തുടരുന്നു സ്ഥാപനത്തിലേക്ക് വാങ്ങിയ ഉപകരണങ്ങളും ഫർണിച്ചറുകളും നശിക്കുന്നു.

പകൽ വീടുകളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. പഞ്ചായത്തിൽ 7-ാം വാർഡിൽ തേക്കുംകുറ്റി എന്ന സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് പകൽ വീടിനായി നിർമ്മിച്ച കെട്ടിടത്തിൽ പകൽവീട് പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഓഡിറ്റ് വർഷം പകൽവീട് നവീകരണത്തിനായി വികസനഫണ്ട് (ജനറൽ) ഇനത്തിൽ 200000 രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ചിട്ടുണ്ടെങ്കിലും (304/23) നടപ്പിലാക്കിയിട്ടില്ല. 22.7.23 ന് സ്ഥലസന്ദർശനം നടത്തിയപ്പോൾ കെട്ടിടത്തിന്റെ എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയ അവസ്ഥയിൽ അടച്ചിട്ടിരിക്കുന്നത് കാണാൻ സാധിച്ചു. ചുറ്റമതിലും ഗെയിറ്റും ഉൾപ്പെടെ നിർമ്മാണം പൂർത്തിയാക്കി ആവശ്യമായ ഉപകരണങ്ങളും ഫർണിച്ചറുകളുമൊക്കെ ഉണ്ടായിട്ടും പകൽവീട് ഗ്രാമപഞ്ചായത്തിലെ വയോധികർക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ പ്രവർത്തനം ആരംഭിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 വിവിധ ഏജൻസികൾക്ക് തുക ഡെപ്പോസിറ്റ് / വിഹിതം നൽകി -വിനിയോഗ വിവരം ലഭ്യമല്ല.

2022-23 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി വ്യത്യസ്ത ഏജൻസികൾക്ക് തുക ഡെപ്പോസിറ്റ്/വിഹിതം നൽകിയിട്ടുണ്ട്. അവയിൽ വിനിയോഗ സാക്ഷ്യ പത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു

| ക്രമ നം | പദ്ധതിയുടെ നമ്പർ/പേര് | ചെലവ് തുക/ഫണ്ടിനം | ബിൽ സാങ്ഷൻ നമ്പർ/ വൗച്ചർ നം. തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 73/23(സ്പിൽ | 46551(സി.എഫ്.സി | 184/20-12-22 | ഭൂജല വകുപ്പ് |

| | | | | |
|---|---|---|---|---|
| | ഓവർ) ചാത്തൻചിറ കഴൽകിണർ നിർമ്മാണം) | .ഗ്രാന്റ്) | | ,ജില്ലാ ഓഫീസ് , കോഴിക്കോടിന് തുക നൽകി. തുകയുടെ കൈപ്പറ്റ് , വിനിയോഗം, പൂർത്തീകരണ വിവരം എന്നിവ ലഭ്യമല്ല. |
| 2 | 272/23 എ.ബി.സി പ്രോഗ്രാം | 50000(വികസന ഫണ്ട്) | 489/28-3-23 | ജില്ലാ പഞ്ചായത്തിന് തുക കൈമാറി. വെറ്റനറി സർജന്റെ സഹായത്തോടെ ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതി. തുകയുടെ കൈപ്പറ്റ്, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. |
| 3 | 78/23 സ്നേഹ സ്പർശം കിഡ്നി പേഷ്യന്റ്സ് വെൽഫയർ സൊസൈറ്റിക്ക് പണം നൽകൽ | 40000(വികസന ഫണ്ട്) | 54/12-9-22 | കോഴിക്കോട് ജില്ലാ പഞ്ചായത്തിന് തുക നൽകി. തുകയുടെ കൈപ്പറ്റ് വിനിയോഗവിവരം എന്നിവ ലഭ്യമല്ല. |
| 4 | 77/23 ഐ.കെ. എം വിഹിതം | 92493 (വികസന ഫണ്ട്) | 53/12-9-22 | ഐ.കെ. എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറി .തുകയുടെ കൈപ്പറ്റ് , വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. |
| | | 229044 | | |

ക്രമ നം.1 പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരവും മറ്റ് എല്ലാ പ്രോജക്ടുകളിലേയും തുകകൾ വിനിയോഗിച്ചതിന്റെ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയുടെ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. ആയത് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 229044 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-23 പഞ്ചായത്തിലെ മാലിന്യ ശേഖരണവും സംസ്കരണവും ഫലപ്രദമല്ല. യൂസേഴ്സ് ഫീയിലുള്ള കുറവു കാരണം പഞ്ചായത്തിന് അധിക ബാധ്യതയുണ്ടാവുന്നു

ഹരിതകർമസേന അംഗങ്ങൾ ശേഖരിക്കുന്ന പാഴ് വസ്തുക്കൾ എം.സി.എഫ്.ൽ നിന്നും തരം തിരിച്ചതിനു ശേഷം പ്ലാസ്റ്റിക് അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും വിപണനം ചെയ്യുന്നതിനും കോനാരീസ് അഡ്വാൻസ്ഡ് പോളിമേഴ്സ് എന്ന സ്ഥാപനവുമായി 22/02/22 ന്പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അജൈവ പാഴ് വസ്തുക്കളുടെ ശേഖരണവും സംസ്കരണവും നടപ്പാക്കുന്നത് സംബന്ധിച്ച് സ്ഥാപനത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിലെ മെറ്റീരിയൽ ഫെസിലിറ്റി സെന്റർ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. അടിസ്ഥാന സൗകര്യങ്ങളില്ലാത്ത ഒരു വാടക ഷെഡിലാണ് ഇപ്പോൾ കെട്ടിടം പ്രവർത്തിക്കുന്നത്. ഇതിലേക്കാവശ്യമായ വൈദ്യുതി, വെള്ളം, മെഷീനുകൾ, വലിയ കണ്ടെയ്നറുകൾ എത്തിപ്പെടാനുള്ള റോഡ് സൗകര്യം എന്നിവ ലഭ്യമല്ല.

2. എം.സി.എഫിൽ ശേഖരിച്ചുവെച്ച പാഴ്വസ്തുക്കൾ പൂർണ്ണമായും തരം തിരിച്ചിട്ടില്ല. പുനരുപയോഗ സാധ്യതയുള്ള അജൈവ മാലിന്യങ്ങൾ ചാക്കുകളിലാക്കി കൂട്ടിയിട്ടിരിക്കുകയാണ്. വൃത്തിയായ പരിപാലനമില്ലാതെയാണ് അജൈവ മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നത്. കൃത്യമായ തരം തിരിക്കലിനാവശ്യമായ ഹരിതകർമ്മസേന അംഗങ്ങൾ ഇവിടെ പ്രവർത്തിക്കുന്നില്ല. നിലവിൽ 40 ടണ്ണിലധികം തരം തിരിക്കാത്ത മാലിന്യങ്ങളാണ് ചോർന്നൊലിക്കുന്ന ഈ ഷെഡിൽ കൂട്ടിയിട്ടിരിക്കുന്നത്.

3. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ എം.സി.എഫ്. ൽ എത്തിക്കുന്നതിനും എം.സി.എഫ്. ൽ പാഴ് വസ്തുക്കൾ തരം തിരിക്കാനും മതിയായ ഹരിതകർമ്മസേന പ്രവർത്തകർ സ്ഥാപനത്തിലില്ല. 18 വാർഡുകളുള്ള പഞ്ചായത്തിൽ നിലവിൽ 30 ഹരിത കർമ്മസേന പ്രവർത്തകർ മാത്രമാണുള്ളത്. അതുകൊണ്ട് തന്നെ വീടുകളിൽ കയറിയുള്ള അജൈവ മാലിന്യ ശേഖരണം പൂർണ്ണ തോതിൽ നടത്താനും ശേഖരിച്ചുവെച്ച പാഴ് വസ്തുക്കൾ തരം തിരിക്കാനും ഹരിത കർമ്മസേനയ്ക്ക് കഴിഞ്ഞിട്ടില്ല. കൂടാതെ വാർഡ് തലത്തിൽ മിനി എം.സി.എഫുകളും പ്രവർത്തിക്കുന്നില്ല.

4.ഹരിതകർമ്മസേനക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിലും അവരെ പ്രവർത്തനക്ഷമമാക്കുന്നതിലും പരിശീലനം നൽകുന്നതിനും നിർവ്വഹണോദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നും നേതൃത്വപരമായ പങ്ക് വഹിക്കലുണ്ടാവുന്നില്ല. ഹരിതകർമസേനയെ ആദായകരമായ സംരംഭമാക്കി മാറ്റുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളോ അധിക വരുമാന സാധ്യതകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങളോ സ്ഥാപനത്തിൽ നടക്കുന്നില്ല.

5. രേഖകൾ പ്രകാരം പഞ്ചായത്തിൽ 18 വാർഡുകളിലായി 10300 വീടുകളുണ്ട്. എന്നാൽ ഹരിത കർമ്മസേനയുടെ ലിസ്റ്റിൽ 8418 വീടുകളാണുള്ളത്. 08/06/23 ലെ കണക്ക് പ്രകാരം 7804 വീടുകൾ ഹരിത കർമ്മസേന കയറിയതിൽ 2799 വീടുകളിൽ നിന്ന് മാത്രമാണ് യൂസേഴ്സ് ഫീയായ 50 രൂപ ലഭിച്ചിട്ടുള്ളത്. മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുന്നതിനുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടരീതിയിലുള്ള പിന്തുണ ജനങ്ങളിൽനിന്ന് ലഭിക്കുന്നില്ലെന്നതാണ് മേൽ ഡാറ്റകൾ സൂചിപ്പിക്കുന്നത്. മാലിന്യം ഉറവിടങ്ങളിൽ നിന്ന് തന്നെ സംസ്കരിക്കേണ്ടതുണ്ട്, മാലിന്യം അവനവന്റെ ഉത്തരവാദിത്തമാണന്ന ജീവിത സംസ്കാരം ഉയർന്നു വരേണ്ടതുണ്ട്.

6. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും സംഭരിക്കുകയും വിൽപ്പന നടത്തുകയും ഉപയോഗിക്കുകയും ചെയ്യുന്ന വ്യക്തികൾ, വീടുകൾ , സ്ഥാപനങ്ങൾ ഏജൻസികൾ എന്നിവ ഉപയോഗം കഴിഞ്ഞ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ കഴുകി വൃത്തിയാക്കി പുനരുപയോഗം നടത്തേണ്ടതുണ്ട്. പുനരുപയോഗം സാധ്യമല്ലാത്തവ വൃത്തിയാക്കി ഉണക്കി തരം തിരിച്ചാണ് പഞ്ചായത്ത് ചുമതലപ്പെടുത്തുന്ന ഏജൻസികൾക്ക് നൽകേണ്ടത്. ആയത് പഞ്ചായത്തിൽ നടക്കുന്നില്ല.

7.മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉത്പ്പന്നങ്ങളാക്കി മാറ്റുന്നുവഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കായുള്ള ബോധവൽകരണവും ക്യാമ്പയിനും സ്ഥാപനത്തിൽ നടക്കുന്നില്ല.

8.മാലിന്യങ്ങൾ കളക്ഷൻ സെന്ററുകളിൽ നിന്നും ശേഖരിച്ച് മെറ്റീരിയൽ റിക്കവറി സെന്ററുകളിൽ എത്തിക്കുന്നതിന് കരാർ ചെയ്ത വാഹനത്തിൽ ജി.പി.എസ് ഘടിപ്പിക്കാത്തത് കൊണ്ട് വാഹനമോടുന്ന സ്ഥലവും കിലോമീറ്ററും കൃത്യമായി തിരിച്ചറിയാൻ കഴിയുന്നില്ല. കിലോമീറ്റർ നിരക്കിൽ വാടക നിശ്ചയിച്ചതുകൊണ്ട് വാഹനത്തിൽ ജി.പി.എസ് നിർബന്ധമാണ്.

9.2022-23 കാലയളവിൽ എം.സി.എഫിൽ നിന്നുള്ള റിജക്റ്റ് വേസ്റ്റ് കയറ്റി അയക്കുന്നതിനായി കൊനാരി അഡ്വാൻസ് പോളിമേർസിന് പ്രോജക്റ്റ് നം. 132/22-23 പ്രകാരം 672133 രൂപ നൽകിയിട്ടുണ്ട്. മാലിന്യം ഉറവിടങ്ങളിൽ നിന്ന് തന്നെ സംസ്കരിക്കേണ്ടതും വിൽപ്പന നടത്തുകയും ഉപയോഗിക്കുകയും ചെയ്യുന്ന വ്യക്തികളിൽ നിന്ന് മതിയായ യൂസേഴ്സ് ഫീസ് ഈടാക്കി പഞ്ചായത്തിന്റെ അധിക ബാധ്യത ഒഴിവാക്കേണ്ടതുമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 166 (1) വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ(ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിൽ സ്ഥാപനത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. കൂടാതെ എം.സി.എഫിൽ അടിസ്ഥാന സൗകര്യമൊരുക്കി കൊടുക്കുന്നതിലും മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിലും അവിടെ നിന്ന് നീക്കം ചെയ്യുന്നതിലും കരാറിൽ ഏർപ്പെട്ട കമ്പനികളെ കൃത്യമായി നിരീക്ഷിക്കുന്നതിലും മതിയായ ഇടപെടൽ നടത്തുന്നതിലും സ്ഥാപനത്തിന്റെ വീഴ്ച പ്രകടമാണ്. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1- 24 മാലിന്യങ്ങൾ ശേഖരിക്കുന്ന വാഹനത്തിൽ ജി.പി.എസ്.ഘടിപ്പിക്കുന്നില്ല

കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ പതിനെട്ടു വാർഡുകളിലെ വീടുകളിൽ നിന്നും കടകളിൽ നിന്നും ഹരിത കർമ്മസേന ശേഖരിക്കുന്ന വിവിധ മാലിന്യങ്ങൾ പഞ്ചായത്തിലെ എം.സി.എഫ്. കെട്ടിടത്തിലേക്ക് എത്തിക്കുന്നതിന് വാഹന വാടകയിനത്തിൽ കരാറുകാരന് (ഹരിത കർമ്മസേന - മാലിന്യം നീക്കൽ പദ്ധതി) രണ്ട് ബില്ലുകളിലായി 114039 രൂപ നൽകിയിട്ടുണ്ട്. പ്രോജക്റ്റ് നമ്പർ 133/2022-23

പ്രകാരം മാലിന്യങ്ങൾ പഞ്ചായത്തിലെ എം.സി.എഫ്. കെട്ടിടത്തിലേക്ക് എത്തിക്കുന്നതിന് കിലോമീറ്ററിന് 55 രൂപ നിരക്കിലാണ് കരാർ ഉടമ്പടി. വി.ഇ.ഒ നടപ്പിലാക്കിയ പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കരാർ പ്രകാരം ലോഗ് ബുക്ക് ഹരിത കർമ്മ സേന സെക്രട്ടറിയുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും യാത്രാ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ആയത് ഹാജരാക്കിയിട്ടില്ല.

2.ഇ-ടെണ്ടർ നോട്ടീസ് വ്യവസ്ഥകൾ പ്രകാരം വാഹനത്തിൽ ജി.പി.എസ്. ഘടിപ്പിക്കണമെന്നാവശ്യപ്പെട്ടിരുന്നെങ്കിലും കരാറിൽ അത് ഉൾപ്പെടുത്തിയിട്ടില്ല.

3. ട്രിപ്പ് ഷീറ്റിൽ വാഹനം പുറപ്പെടുന്ന സമയത്തും പ്ലാന്റിൽ തിരിച്ചെത്തുന്ന സമയത്തും മീറ്റർ റീഡിംഗ് നടത്തിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പകരം വാഹനമോടിയതിന്റെ കിലോമീറ്റർ മാത്രമാണ് രേഖപ്പെടുത്തുന്നത്.

4. കരാർ പ്രകാരം മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്ന് പുറപ്പെട്ട് മാലിന്യ സംസ്കരണ പ്ലാന്റിൽ തിരിച്ചെത്തുന്ന ദൂരമായിരിക്കും കിലോമീറ്റർ കണക്കാക്കുന്നതിന് പരിഗണിക്കുകയെന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പുറപ്പെടുന്ന സ്ഥലം എല്ലാ ട്രിപ്പ് ഷീറ്റുകളിലും കാരശ്ശേരി എന്നാണ് രേഖപ്പെടുത്തുന്നത്.
ഇ-ടെണ്ടർ നോട്ടീസ് വ്യവസ്ഥകൾ പ്രകാരം വാഹനത്തിൽ ജി.പി.എസ്. ഘടിപ്പിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതും അപാകതകൾക്ക് വിശദീകരണങ്ങൾ നൽകേണ്ടതുമാണ്.

1- 25 അഡ്വാൻസ് തുകകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല.

2022 -23 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B – 18 ഷെഡ്യൂൾ പ്രകാരവും അഡ്വാൻസ് രജിസ്റ്റർ പ്രകാരവും ചുവടെ പറയുന്ന അഡ്വാൻസ് തുക ക്രമീകരിക്കാൻ ബാക്കിയുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | Account Head | Item | Amount |
|---|---|---|---|
| 1 | 460100105 | Temporary Advance For Official Purpose ശ്രീ .രാജീവ് സെക്രട്ടറി -20/02/2021 | 2000 |
| 2 | 460100199 | Other Advance ( മഴക്കാല പൂർവ്വ ശുചീകരണം - 70000 – 24/8/2019 +110000 -/ 24/8/2019+ പ്രേരക് ഓണറേറിയം (15840/- 30/3/2019 +16560 /-15/5/21) കിലട്രെയിനിംഗ് - 392/- 26/08/21+മഴക്കാല പൂർവ്വ ശുചീകരണം - 180000 – 24/8/2019 | 392792 |
| 3 | 460500201 | Deposit With Kerala Water Authoriiy 27/03/21 – ജല നിധി പഞ്ചായത്ത് വിഹിതം) | 324000/- |
| 4 | 460500204 | Deposit With Kerala Ground Water Department ( 76770/- 23/3/22+ 2022 -23 – 46551/- ) | 123321/- |
| 5 | 460500201 | Advance To Other Authorised Agencies ( നിറവ് ) 2019 -20 | 400000/- |
| 6 | 460500501 | Advance To Implementing Officers (2022-23) | 125427/- |
| 7 | 460500801 | Advance To MGNREGA | 1427343/- |

| | | | |
|---|---|---|---|
| | | (2022-23) | |
| 8 | 460509901 | Advance To Others (ജി.എസ്.ടി ഇനത്തിൽ അധികം അടവാക്കിയത്) 31.03.2023 | 11820/- |

2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 32 പ്രകാരം മുൻകൂറുകൾ നൽകിയാൽ യഥാർത്ഥ ചെലവുകൾക്ക് അനുസൃതമായി പരിമിതപ്പെടുത്തേണ്ടതാണ്. ആ തുക ചെലവായി കഴിയുമ്പോൾ തുക ചെലവായതിനുള്ള രേഖകൾ സമർപ്പിച്ച് അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. നിർദ്ദിഷ്ട കാലാവധിയ്ക്കകം മുൻകൂർ തുക യഥാവിധി വിനിയോഗിക്കാതെ വരികയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ മേൽ അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല. ആയതിനുള്ള കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (20/2022-23/25.07.2023) ക്ക് ലഭ്യമാക്കിയ മറുപടിയിൽ അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടസ്) ചട്ടങ്ങളിലെ ചട്ടം 32 പ്രകാരം മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിച്ച് ആയതിന്റെ രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-26 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വിതരണം ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതിയും ജി.എസ് .ടി.യും ഈടാക്കിയില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരിൽ നിന്നും ആദായനികുതിയും ജി.എസ്.ടി.യും ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തികളുടെ പേര് | എം. ബുക്ക് നമ്പർ | കരാറുകാരൻ | സാധന സാമഗ്രികൾക്ക് അനുവദിച്ച തുക |
|---|---|---|---|---|
| 1 | പുതിയോട്ടിൽ കോളനി കോളനി നവീകരണം | 172/21-22 | ഹംസ പി | 288854.00 |
| 2 | കുറ്റിപ്പറമ്പ് ഓടമ്പിലാക്കൽ റോഡ് സൈഡ് കെട്ട് | 070/21-22 | ഹംസ പി | 284352.00 |
| 3. | പട്ടർചോല അങ്കണവാടി റോഡ് കോൺക്രീറ്റ് | 05/22-23 | ഹംസ പി | 137133.00 |
| 4. | കരിമ്പനക്കണ്ടി കോളനി നവീകരണം | 429/20-21 | ഹംസ പി | 138508.00 |
| 5. | പട്ടചോല അങ്കണവാടി റോഡ് സൈഡ് കെട്ട് | 03/22-23 | ഹംസ പി | 111110.00 |
| 6. | നെച്ചകളിപൊയിൽ പൂവ്വണ്ണിയിൽ റോഡ് കോൺക്രീറ്റ് | 162/21-22 | ഹംസ പി | 267828.00 |
| 7. | IHRDറോഡ് കോൺക്രീറ്റ് | 153/2021-22 | ഫസലു റഹ്മാൻ | 350675.00 |
| 08 | ഖാദി ബോർഡ് കുന്തംചാരി റോഡ് | 140/21-22 | ഹംസ പി | 210129.00 |

മേൽ പറഞ്ഞ ആസ്തി നിർമ്മാണ പ്രവൃത്തികളിൽ രണ്ടര ലക്ഷത്തിനു മുകളിൽ ജി.എസ്.ടി.യും ആദായനികുതിയും രണ്ടര ലക്ഷത്തിനു താഴെയുള്ള ബില്ലുകളിൽ ആദായ നികുതിയും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രോജക്ട് നിർവ്വഹണം അപാകതകൾ

ഗ്രാമപഞ്ചായത്ത് താഴെ കൊടുത്തിരിക്കുന്ന പ്രകാരം സിൽക്കിൽ നിന്നും എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | 283/23 തെരുവുവിളക്ക് സ്ഥാപിക്കൽ |
| വകയിരുത്തിയ തുക | 700000(വികസന ഫണ്ട്) |
| ചെലവു തുക | 699292 |
| ബിൽസാങ്ഷൻ നമ്പർ | 349/15-3-23 |

699292/- രൂപ ചെലവഴിച്ച് സിൽക്കിൽ നിന്നും എൽ. ഇ. ഡി സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങി സിൽക്ക് മുഖേന തന്നെ ഗ്രാമപഞ്ചായത്തിന്റെ 18 വാർഡുകളിലുള്ള പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | സ്ട്രീറ്റ് ലൈറ്റ് ഇനം | എണ്ണം | വില |
|---|---|---|---|
| 1 | Supply,Conveyance,installation And Commissioning Of 24 W LED STREET LIGHTS( AUTOMATIC OPERATION) | 259 | 699292 |

പ്രോജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്ടിൽ മുൻ വർഷങ്ങളിൽ സ്ഥാപിച്ചതിൽ പ്രവർത്തിക്കാത്ത വിളക്കുകൾ മാറ്റി സ്ഥാപിക്കാനാണോ പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കാനാണോ പദ്ധതി ലക്ഷ്യമിടുന്നതെന്ന് വ്യക്തമല്ല.

2. പദ്ധതി ആസൂത്രണത്തിനു മുൻപ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ തെരുവ് വിളക്കുകളുടെ കണക്കെടുപ്പ് നടത്തിയതായി കാണുന്നില്ല

3. മുൻവർഷങ്ങളിൽ സ്ഥാപിച്ച ഏതെല്ലാം ലൈറ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നോ അത്തരം ലൈറ്റുകളുടെ വാറണ്ടി കാലാവധി സംബന്ധിച്ചോ വിവരം ലഭ്യമല്ല.

4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സിൽക്കിൽ നിന്നും എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. തെരുവു വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 15.09.2011 – ലെ 3055/ഡി.എ-3/2011/ ത.സ്വ.ഭ.വ. നമ്പർ സർക്കുലറിലെ മാനദണ്ഡങ്ങൾ കർശനമായും പാലിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് (സർക്കുലർ നം.269/ഡി.എ-3/2018/ത.സ്വ.ഭ.വ./തീയതി 29.05.2018). ഇതനുസരിച്ച് കരാറുകാരൻ കെ.എസ്.ഇ.ബി യിലെ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ അംഗീകാരത്തോടെയും, കെ.എസ്.ഇ.ബി. ജീവനക്കാരുടെ മേൽനോട്ടത്തിലും പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്. സിൽക്കുമായി വച്ച കരാർ (നിബന്ധന 11) പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി യുടെ അനുവാദവും സൂപ്പർവിഷനും പഞ്ചായത്തിന്റെ ഉത്തരവാദിത്തത്തിൽ തരപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം പ്രവൃത്തി നിർവ്വഹിച്ചതിന് കെ. എസ്. ഇ. ബി യിൽ നിന്നുള്ള അനുമതിപത്രം ലഭ്യമാക്കിയിട്ടില്ല.

7. നിലവിൽ 10-3-2023 ന് കെ.എസ്.ഇ.ബിയുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ഗ്രാമപഞ്ചായത്ത് തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ആയതു പ്രകാരം മുക്കം, കുമ്പാറ, പന്നിക്കോട് എന്നീ സെക്ഷനുകളിലായി ആകെ 301 എൽ.ഇ.ഡി ലൈറ്റുകളാണുള്ളത്. ഇതിനു പുറമെ 104 ട്യൂബ്, 11 ബൾബുകൾ 24 സി.എഫ്.എൽ, ഒരു ഹാലൊജൻ ബൾബ്, 5 ഹൈമാസ്റ്റ് എന്നിവയാണ് രജിസ്റ്ററിൽ തെരുവുവിളക്കുകളുടെ എണ്ണത്തിൽ ആകെ രേഖപ്പെടുത്തിയിട്ടുള്ളൂ. 2022-23 കാലയളവിൽ വാങ്ങിയ 259 പുതിയ എൽ.ഇ.ഡി ലൈറ്റുകളുൾപ്പെടെ ആകെ 301 എൽ.ഇ.ഡി ലൈറ്റുകൾ മാത്രമേയുള്ളൂ എന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്. സമീപ കാലത്തു സ്ഥാപിച്ച വിളക്കുകളുടെയും റിപ്പയർ ചെയ്ത വിളക്കുകളുടെയും വിവരം മാത്രം എഴുതി ചേർക്കുകയാണോ ചെയ്തതെന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്. സംയുക്ത പരിശോധന നടത്തിയതിന്റെയടിസ്ഥാനത്തിൽ ഇനം തിരിച്ച് കൃത്യമായി കണക്കാക്കി ആയതിനനുസരിച്ച് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് നൽകേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (6/25-7-23) നൽകിയ

മറുപടിയിൽ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ വിശദമാക്കിയിട്ടുണ്ട്.

1. പഴയ കേടായ തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനും പുതുതായി സ്ഥാപിച്ച പോസ്റ്റുകളിലും നിലവിൽ വിളക്കുകൾ സ്ഥാപിക്കാത്ത പോസ്റ്റുകളിലും തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി തുക വകയിരുത്തിയിട്ടുള്ളത്.

2.പഞ്ചായത്തിലെ വാർഡ് മെമ്പർമാർ നേരിട്ട് പരിശോധന നടത്തി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലുള്ള കണക്കനുസരിച്ചാണ് തെരുവുവിളക്കുകൾ സ്ഥാപിച്ചിരിക്കുന്നത്.

3.2019-20 ലാണ് അവസാനമായി തെരുവുവിളക്കുകളുടെ മെയിന്റനൻസ് വർക്ക് നടത്തിയിട്ടുള്ളത്. അതിനുശേഷം പരമാവധി ഗ്യാരണ്ടി പിരീഡായ ഒന്നര വർഷത്തിനു ശേഷമാണ് മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

4. സംയുക്ത പരിശോധന നടത്തി തന്നെയാണ് നിലവിൽ രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത് .

മറുപടിയിൽ പറഞ്ഞ ക്രമ നം 1 മുതൽ 3 വരെയുള്ള കാര്യങ്ങൾ സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-28 ഫിഷറീസ് മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ മത്സ്യതൊഴിലാളികൾ ഉള്ള പഞ്ചായത്ത് പരിധിയിൽ മത്സ്യസംരക്ഷണ മേഖലയിൽ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടില്ല. മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തൻ വർഷം 100000 രൂപ വകയിരുത്തി മുറ്റത്തൊരു മീൻതോട്ടം എന്ന ഒരു പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും പദ്ധതിയുടെ പൂർത്തീകരണത്തിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. 2020-21 വർഷം സുഭിക്ഷ കേരളം വീട്ടു വളപ്പിലെ കുളത്തിൽ മത്സ്യകൃഷി എന്ന പ്രോജക്ട് പ്രകാരം 1046000 രൂപ വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല. തുടർന്ന് 2021-22 വർഷം 197/23 എന്ന പേരിൽ സ്പിൽ ഓവർ പദ്ധതി വെച്ച് 24640 രൂപ മാത്രം ചെലവഴിച്ചിട്ടുണ്ട്. കൃഷി, മത്സ്യബന്ധനം തുടങ്ങിയ മേഖലയുമായി ബന്ധപ്പെട്ട 2022-23 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനട്സ് പരിശോധിച്ചപ്പോൾ 8-1-22, 24-5-22, 14-12-22, 12-1-23 എന്നീ തീയ്യതികളിലായി ചേർന്ന മീറ്റിംഗുകളിൽ മത്സ്യകൃഷിയിൽ അലങ്കാര മത്സ്യകൃഷി ഉൾപ്പെടുത്തുക, മീൻകുളങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുക, സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, മത്സ്യകൃഷി ചെറിയ യൂണിറ്റുകൾക്ക് പദ്ധതി രൂപീകരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സ്റ്റാറ്റസ് റിപ്പോർട്ടിൽ മത്സ്യബന്ധന മേഖലയിലെ അവസ്ഥാ വിശകലനത്തിൽ ഉൾനാടൻ മത്സ്യതൊഴിലാളികളുടെ വിശദാംശം ഉൾപ്പെടുത്തി ചർച്ച ചെയ്തിട്ടില്ല.

മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിച്ച് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിന്, ജി.ഒ.(പി) 14/2020/ആ.സാ.വ തിയ്യതി- 18.05.20 നമ്പർ മാർഗ്ഗരേഖ പ്രകാരമുള്ള സുഭിക്ഷ കേരളം പദ്ധതിയിലുള്ള സർക്കാർ നിർദ്ദേശവും പാലിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരമുള്ള ഗ്രാമ പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലാ നിർവ്വഹണത്തിനായി കുളത്തിലെ മത്സ്യ സമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലെയും ക്ഷാര ജലത്തിലെയും മീൻ വളർത്തൽ നടപ്പാക്കുക, മത്സ്യകുഞ്ഞുങ്ങളുടെ ഉത്പാദനവും വിതരണവും വികസിപ്പിക്കുക, മീൻ പിടിത്തത്തിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക, മത്സ്യ വിപണനത്തിനുള്ള സഹായം നൽകുക, മത്സ്യതൊഴലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ നൽകുക, മത്സ്യ തൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പിലാക്കുക എന്നിവ നിർവ്വഹിക്കേണ്ടതുണ്ട്. കൂടാതെ സ.ഉ.കൈ.നം.115/2022/ ത.സ്വ.ഭ.വ തീ 28/05/2022 സബ്സിഡി മാർഗ്ഗരേഖ ഖ.6.4 (സി) പ്രകാരം മത്സ്യവിപണനം - സമുദ്ര ഉൾനാടൻ മേഖലയിൽ മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ, മത്സ്യ വിൽപ്പനയ്ക്കായി ഐസ് ബോക്സ് വിതരണം, മത്സ്യ വിൽപ്പനയ്ക്കായി ഇരുചക്ര മോട്ടോർ വാഹനവും ഐസ് ബോക്സും വിതരണം, എന്നീ പ്രോജക്ടുകളും, സ.ഉ.(കൈ) നം.84/2022/LSGD തീ 19/4/2022 രൂപീകരണ മാർഗ്ഗരേഖ ഖ 8.3 പ്രകാരം സമുദ്ര ഉൾനാടൻ മത്സ്യ സമ്പത്തിന്റെ പരിപോഷണം, മത്സ്യോൽപ്പാദനം, ഹാച്ചറി, മത്സ്യാധിഷ്ഠിത മൂല്യവർധിത ഉൽപ്പന്നങ്ങൾ, വിപണനം,മത്സ്യമേഖലയിലെ സേവനങ്ങൾ എന്നീ മേഖലകളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ, മത്സ്യ വിപണനത്തിന്റെ ആധുനികവത്കരണം, പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക വികാസത്തിനും പുനരധിവാസത്തിനുമുള്ള പ്രോജക്ടുകൾ തുടങ്ങി മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ട വിവിധങ്ങളായ പ്രോജക്ടുകളുടെ സാധ്യതകൾ ഉണ്ടായിട്ടുപോലും ഈ മേഖലകളിലൊന്നും തന്നെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/22-23 25-7-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതും പദ്ധതികൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-29 അവസ്ഥാ വിശകലനം നടത്താതെ പൊതുമരാമത്ത് മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പദ്ധതികൾ രൂപീകരിക്കുന്നത് സംബന്ധിച്ച് 19.4.22 ലെ സ.ഉ.(കൈ) നം.84/2022/ ത.സ്വ.ഭ.വ നമ്പർ മാർഗ്ഗരേഖയിൽ വിശദീകരിക്കുന്നുണ്ട്. മാർഗ്ഗരേഖയിലെ ഖണ്ഡിക 3.1.2 സി പ്രകാരം പദ്ധതി രൂപീകരിക്കുന്നതിന് മുന്നോടിയായി അവസ്ഥാ രേഖ തയ്യാറാക്കേണ്ടതുണ്ട്. 26/11/2021 ലെ സ.ഉ.(കൈ) നം.275/2021 /ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശ പ്രകാരമാണ് അവസ്ഥാരേഖ തയ്യാറാക്കേണ്ടത്. ഗ്രാമ പഞ്ചായത്തിലെ അവസ്ഥാരേഖ പരിശോധിച്ചതിൽ പൊതുമരാമത്ത് മേഖലയിൽ പദ്ധതികൾ രൂപീകരിക്കുമ്പോൾ ആ മേഖലയിലെ അവസ്ഥ വിശകലനം ചെയ്തതായി കാണുന്നില്ല. റോഡുകളെയും മറ്റ് മരാമത്ത് സംവിധാനങ്ങളെയും പരിശോധനയ്ക്ക് വിധേയമാക്കാതെയാണ് പദ്ധതികൾ

തയ്യാറാക്കിയിട്ടുള്ളത്.

അവസ്ഥാരേഖ തയ്യാറാക്കുമ്പോൾ കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി 25 വർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ഉൾപ്പെടെ വ്യക്തമായ സ്ഥിതി വിവര കണക്കുകളുടെ അടിസ്ഥാനത്തിൽ അവസ്ഥാ വിശകലനം നടത്തി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, പരിഹാര സാധ്യതകൾ എന്നിവ ഉൾപ്പെടുത്തി വിശദമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയാണ് വർക്കിംഗ് ഗ്രൂപ്പ് പദ്ധതികൾ ആവിഷ്കരിക്കേണ്ടത്. എന്നാൽ 2022-27 വർഷത്തിലേയ്ക്ക് ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ അവസ്ഥാ റിപ്പോർട്ടിൽ പൊതുമരാമത്ത് മേഖല സംബന്ധിച്ച് സമഗ്രമായ പഠനം നടത്തിയിട്ടില്ല. യഥാർത്ഥ ആവശ്യകതയ്ക്കനുസരിച്ചല്ല പദ്ധതികൾ രൂപീകരിച്ചിട്ടുള്ളത്. മാലിന്യ നിർമ്മാർജനത്തിന് ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെ 142 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 51 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1- 30 അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണം നടത്തുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിലെ അങ്കണവാടി കെട്ടിടനിർമ്മാണത്തിനുള്ള ചില പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)തേക്കിൻകുറ്റി അങ്കണവാടി വർഷങ്ങളായിട്ടും കെട്ടിടനിർമ്മാണം നടത്തിയിട്ടില്ല

2019-20 വർഷത്തിലെ ഗ്രാമപഞ്ചായത്തിലെ 61-തേക്കുംകുറ്റി, 69-കുട്ടിക്കുന്ന് എന്നീ അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിൽ 1160000 രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ 2 അങ്കണവാടി കെട്ടിടങ്ങളുടെയും നിർമ്മാണം പൊതുമരാമത്ത് വകുപ്പ് നടത്തിയിട്ടില്ലാത്തതിനാൽ അഡ്വാൻസ് നൽകിയ തുക 29.12.2022 ൽ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭ്യമായിട്ടുണ്ട്. തേക്കും കുറ്റി അങ്കണവാടി കെട്ടിട നിർമ്മാണത്തിന് അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് 300000 രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് . 22.7.23 ന് സ്ഥലസന്ദർശനം നടത്തിയതിൽ സ്ഥലം മണ്ണിട്ടുയർത്തി ശരിയാക്കിയതല്ലാതെ അങ്കണവാടി കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന് കണ്ടു. 23.1.23 ലെ 19/1 നമ്പർ ഭരണസമിതി തീരുമാനത്തിൽ 1450000 രൂപ തേക്കുംകുറ്റി അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ഡിപ്പാർട്ട്മെന്റ് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക തികയാത്തതിനാൽ ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് കൊണ്ട് ബേസ്മെന്റ് നിർമ്മിക്കാമെന്നും അടുത്ത വർഷം ഈ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കാമെന്നും തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ 2023-24 വർഷത്തിൽ ഇതിനായി പദ്ധതികളൊന്നും, ആവിഷ്കരിച്ച് അംഗീകാരം നേടിയിട്ടില്ല. നിലവിലും അങ്കണവാടി സൗകര്യങ്ങളില്ലാതെ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

2)മലാംകുന്ന് അങ്കണവാടിയ്ക്ക് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയില്ല .

കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ 72-ാം നമ്പർ മലാംകുന്ന് അങ്കണവാടി റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി റീ ബിൽഡ് കേരള ഇനീഷ്യേറ്റ് ഫണ്ട് ഉപയോഗിച്ച് സ്മാർട്ട് അങ്കണവാടി ആക്കുന്നതിനുള്ള കെട്ടിടനിർമ്മാണത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ മേൽ ഖണ്ഡികയിൽ പരാമർശിച്ച പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത് തിരിച്ച് കിട്ടിയ 1160000 രൂപയിൽ 580000 രൂപ ഈ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കാനായി വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. ഗ്രാമ പഞ്ചായത്ത് 22-23 വർഷത്തിൽ 36/23 നമ്പർ പദ്ധതിയിൽ 727219 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് ഈ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടുണ്ട് . 5.9.22 ലെ 1/2 നമ്പർ തീരുമാന പ്രകാരം മലാംകുന്ന് കെട്ടിട നിർമ്മാണം മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്ന രീതിയിൽ നിർമ്മാണ പ്രവർത്തനം നടത്തണമെന്ന് തീരുമാനമെടുത്തിട്ടുണ്ട്. ആവശ്യമായ ഫണ്ട് ലഭ്യമായിട്ടും 2022-23, വർഷത്തിലും 2023-24 വർഷത്തിലും ഇതിനായി പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല.

3)റീ ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഗ്രാമ പഞ്ചായത്തിൽ പൂർത്തിയാക്കിയിട്ടുള്ള കെട്ടിടങ്ങളുടേയും അവയ്ക്ക് വേണ്ടി ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4)നിലവിൽ ഗ്രാമപഞ്ചായത്തിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഏതെല്ലാമാണെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4 -1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 19-07-2023 മുതൽ 25-07-2023 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022 – 23 | 400000 | ലൈഫ് മിഷൻ ഭവനപദ്ധതി(ജനറൽ) | 400000 |
| | 2022 – 23 | 314743 | ലൈഫ് മിഷൻ ഭവനപദ്ധതി(എസ്. സി) | 314743 |
| | 2022–23 | 484000 | ലൈഫ് മിഷൻ ഭവനപദ്ധതി(എസ്. ടി) | 484000 |
| | 2022 -23 | 627300 | ക്യാൻഡിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 627300 |
| | 2022 -23 | 909333 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 909333 |
| | 2022 -23 | 400000 | കറവപശുകൾക്ക് കാലിത്തീറ്റ സബ്സിഡി | 400000 |
| ആകെ | | 3135376 | | 3135376 |
| ജില്ലാ പഞ്ചായത്ത് | 2022 -23 | 458054 | ലൈഫ് മിഷൻ ഭവനപദ്ധതി(ജനറൽ) | 458054 |
| | 2022 -23 | 480000 | ലൈഫ് മിഷൻ ഭവനപദ്ധതി(എസ്.ടി) | 480000 |
| | 2022 -23 | 209100 | ക്യാൻഡിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 209100 |
| | 2022 -23 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 |

| | | | | |
|---|---|---|---|---|
| | | | | |
| | 2022 -23 | 150000 | കറവപശുകൾക്ക് കാലിത്തീറ്റ സബ്സിഡി | 150000 |
| ആകെ | | 1497154 | | 1497154 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജലവകുപ്പ് | ചാത്തൻചിറ കുഴൽക്കിണർ | 46551 | 0 | 46551 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4 -5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 25,00,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത ലോൺ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവനപദ്ധതി | സ.ഉ(കൈ) 83/13/ LSGD/11/3/13 | 34540000 | 27512251 | | 2500000 | 3847878 | 25012251 |
| ലൈഫ് ഭവനപദ്ധതി | G.O(Rt)6872/ 2022/Fin 210/22 | . | 1854485 | 2500000 | 2331817 | 0 | 2022668 |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2000-01 | 31 | 2003-04 | മറ്റ് പരാമർശങ്ങൾ 11.14 | തെരുവ് വിളക്ക് സ്ഥാപിക്കൽ | തുടരുന്നു |
| 2003-04 | 3.10 | 2006-07 | 3.79.11.2(108) | കന്നുകുട്ടി പരിപാലനം അപാകതകൾ | തുടരുന്നു |
| | | 2013-14 | 5.1.5.2(58) | ജലസ്രോതസ്സുകൾ മാലിന്യ കൂമ്പാരം | -ടി- |
| 2014-15 | 3.19 | 2016-17 | 6(ബി) | ആശ്രയ | -ടി- |
| 2015-16 | 2.2 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | -ടി- |
| 2016-17 | 2.6 | 2017-18 | 1.11.3 | കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു. | -ടി- |
| 2019-20 | 1-19 | 2020-21 | അനുബന്ധം 2-113 | എം.ഒ.പി.എച്ച്.സി പെയ്മെന്റ് | -ടി- |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (ഓഡിറ്റ് ആന്റ് പെയ്മെന്റ് പത്രിക പ്രകാരം) | 54320411 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഓഡിറ്റ് ആന്റ് പെയ്മെന്റ് പത്രിക പ്രകാരം) | 47739786 |
| വരവിനത്തിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2988797 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 2423640 | ശ്രീ അജിത്ത് ജേക്കബ്ബ് എ അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-18 | 162517 | |
| 1-19 | 173596 | |
| 1 -22 | 46551 | ശ്രീമതി സീനത്ത് .കെ, സെക്രട്ടറി കാരശ്ശേരി ഗ്രാമപഞ്ചായത്ത് |
| | 50000 | |
| | 40000 | ശ്രീ ബിജു.എം സെക്രട്ടറി |
| | 92493 | |
| | 2988797 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസ വും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സീനത്ത് .കെ സെക്രട്ടറി | സെക്രട്ടറി കാരശ്ശേരി ഗ്രാമപഞ്ചായത്ത് | കളരിക്കൽ അതിരമ്പുഴ പി.ഒ ഏറ്റുമാനൂർ, കോട്ടയം |
| ശ്രീ ബിജു.എം സെക്രട്ടറി | സെക്രട്ടറി പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്ത് മലപ്പുറം ജില്ല | ശ്രീപത്മം കളത്തിൽ പറമ്പ് പുതിയനിരത്ത് എലത്തൂർ പിഒ പിൻ 673303 |
| ശ്രീ അജിത്ത് ജേക്കബ്ബ് എ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കാരശ്ശേരി ഗ്രാമപഞ്ചായത്ത് | കൈതയിൽ വീട് വിൽസൺ സ്ട്രീറ്റ് ഈരായിക്കടവ് കോട്ടയം- പിൻ 686001 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്ന് അവസാനം പുറപ്പെടുവിച്ച കത്തിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1997- 98 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(1) | 2 | 35, 45 |
| 1999-00 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 194/10തി 18.03.2010 | 1 | 40 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി1/ 1251/21(1)തീയതി 26.04.2023 | 1 | 31 |
| 2003 -04 | കെ.എസ്.എ.കെ.കെ.ഡി.പി1/1251/ 21(4) തീയതി 26.04.2023 | 4 | 3-6,2-1,2-3,3-10 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി. പി1/1251/21(7) തീയതി 26.04.2023 | 2 | 3-2,3-8 |
| 2011-12, 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി1/ 1251/21(9) തീയതി 26.04.2023 | 7 | 3-24,3-25,3-26,3-27, 3-28,3-29,3-34 |
| 2013-14, 2014 -15 | കെ.എസ്.എ.കെ.കെ.ഡി.പി1/ 1251/21(10) തീയതി 26.04.2023 | 4 | 3-3,3-14,3-17, 3-19 |
| 2015 -16 | കെ.എസ്.എ.കെ.കെ.ഡി.പി1/ 1251/21(11) തീയതി 26.04.2023 | 2 | 2-2,3-2 |
| 2016 -17 | കെ.എസ്.എ.കെ.കെ.ഡി.പി1/ 1251/21(12) തീയതി 26.04.2023 | 11 | 2-2,2-4,2-5,2-6,2-7,3-5, 3-6,3-10, 3-11,3-14,3-24 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി1/ 1251/21(13) തീയതി 26.04.2023 | 37 | 1-10,2-1(1)(2), 2-2,2-3,2-4, 2-5,2-6, 3-1,3-2,3-3, 3-4, 3-5,3-6,3-7,3-8എ, ബി,3-9,3-10, 3-11, 3-12,3-13,3-14, 3-15, 3-16,3-17,3-18,3-19,3-20, 3-21,3-22,3-23,3-24, 3-25,3-27,3-28,3-29 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി1/ 1251/21(14) തീയതി 26.04.2023 | 10 | 1-8(1),1-9,1-10,1-11, 1-18,1-19,1-20, 1-21,1-23,1-25, |
| 2019 -20 | കെ.എസ്.എ.കെ.കെ.ഡി പി1/155/2022തി 16.04.2022 | 17 | 1-1,1-2(5)(6), 1-(7)B,1-9, 1-10,1-11(2)(3),1-12, 1-13, 1-14,1-19,3-1,3-2, 3-3,4-10, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി പി1/ 156/2022 തി 05.05.2022 | 27 | 1-1,1-2(2),(4)(5)(6)(7), 1-4(1),1-8,1-9,1-10,1-11,1-13, 1-15,1-16,1-17,1-18,1-19, 1-20,1-21,1-22,1-23,1-24, 3-1, 3-2,4-10,4-11 |
| 2021 -22 | കെ.എസ്.എ.കെ.കെ.ഡി പി1/2264/2022 തി 24.01.2023 | 29 | 1-1 മുതൽ 1-26വരെ 3-1 മുതൽ 3- 3വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 7/1 dated 27-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Karasseri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Karasseri Grama Panchayat for the year 2022-2023

Date: 20/09/2023

Deputy Director
District Office Kozhikode
Kerala State Audit Department

**Audit Report appended to the Audit Certificate of Karasseri Grama Panchayat for the Year 2022-2023.**

**1.Major Observations**

NIL

**2.Other Observations**

A. cash flowstatements -Net increase /decrease in cash flow does not match with the difference between the opening balance and closing balance.

B.The following mandatory financial statements prescribed in accounting rules not submitted for audit eg-Ratios

C.The Demand register does not match with financial statements eg- Propertytax (Residential, Non Residential )

D.The following registes are not match with accounts

eg -stock Register, Asset Register

E. Lapes in making timely and and accurate demand enteries in respect of tax and non tax

eg- property tax

F.Amount used for Asset creation using Specific grant account not transfered to capital contribution and treated as revenue income

G.The Tender Forum Fee (E Tender Fee) applicable to projects executed by the

Asstistant Engineer is not included in the AFS.

H.The Annual balance in Panchayath Distress relief fund does not match with the balance in the passbook.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്